# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 നവംബർ 1 ചൊവ്വ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -314)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ആരോഗ്യവും കയറും വകുപ്പുമന്ത്രി | : 6458 മുതൽ 6604 വരെ |
| ജലവിഭവ വകുപ്പുമന്ത്രി | : 6605 മുതൽ 6690 വരെ |
| ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി | : 6691 മുതൽ 6748 വരെ |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : 6749 മുതൽ 6771 വരെ |

### ഡിസീസ് സർവെയിലൻസ് പ്രോഗ്രാം

6458 ഡോ. ടി. എം. തോമസ് ഐസക്
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. കെ. രാധാകൃഷ്ണൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധികളെ നേരിടുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾക്കുമായി ആവിഷ്ക്കരിക്കപ്പെട്ട ഡിസീസ് സർവെയിലൻസ് പ്രോഗ്രാമിന് കേന്ദ്ര വിഹിതമായി എത്ര തുക ലഭിച്ചിട്ടുണ്ട്;

(ബി) അതിന്റെ സംസ്ഥാന വിഹിതം എത്രയാണ്;

## കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

(സി) പകർച്ചവ്യാധികൾ വ്യാപകമായ സാഹചര്യത്തിൽ എത്ര തുക, ഏതെല്ലാം ഘടകങ്ങൾക്കായി വിനിയോഗിക്കപ്പെട്ടു എന്ന് വ്യക്തമാക്കാമോ;

(ഡി) അതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഫീൽഡ്തല പ്രവർത്തനങ്ങൾക്കായി എന്തെല്ലാം തീരുമാനം എടുക്കുകയുണ്ടായി എന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ യൂണിറ്റ്

6459 ശ്രീ. ജോസഫ് വാഴക്കൻ
,, പാലോട് രവി
,, പി. എ. മാധവൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ യൂണിറ്റും ഫിറ്റ്നസ് സെന്ററും ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) നിലവിലുള്ള യൂണിറ്റുകളിലും സെന്ററുകളിലും അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനെക്കുറിച്ച് പരിഗണിക്കുമോ;

(സി) ഇത്തരം യൂണിറ്റുകളും സെന്ററുകളും വ്യാപിപ്പിക്കുന്നതിന് നടപടി എടുക്കുമോ ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>സ്കൂൾ, കോളേജ് വിദ്യാർത്ഥികളുടെ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ</u>

6460 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, പി. ഉബൈദുള്ള
,, സി. മമ്മുട്ടി
,, റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ, കോളേജ് വിദ്യാർത്ഥികളുടെ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി ആയൂർവ്വേദം ആൾട്ടർനേറ്റീവ് മെഡിസിൻ എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്തി എന്തെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ആ വിഭാഗങ്ങൾക്കു കൂടി പങ്കാളിത്തം നൽകികൊണ്ടുള്ള ആരോഗ്യപദ്ധതി ആരംഭിക്കുമോ;

(ഡി) സ്കൂൾ, കോളേജ് വിദ്യാർത്ഥികളിൽ കണ്ടെത്തിയിട്ടുള്ള പ്രധാന രോഗങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>കുട്ടികളുടെ പ്രതിരോധ കുത്തിവെയ്പ്</u>

6461 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു പ്രതിരോധ കുത്തിവെയ്പും എടുത്തിട്ടില്ലാത്ത എത്ര കുഞ്ഞുങ്ങളുണ്ടെന്നതിനെക്കുറിച്ച് കണക്കെടുപ്പു നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര കുഞ്ഞുങ്ങൾ കുത്തിവെയ്പ് എടുത്തിട്ടില്ല ;

(സി) ഭാഗീകമായി കുത്തിവെയ്പ് എടുത്തിട്ടുള്ള കുട്ടികളുടെ എണ്ണം എത്ര ;

(ഡി) കുത്തിവെയ്പ് എടുക്കാത്തതുമൂലം കുട്ടികളുടെ മരണനിരക്ക് കൂടുന്ന സാഹചര്യം ഉണ്ടോ ;

(ഇ) കുട്ടികളിൽ കൂടുതലായി എന്തൊക്കെ അസുഖങ്ങളാണ് കണ്ട് വരുന്നത് ; പ്രതിരോധ കുത്തിവെയ്പ് എടുക്കാത്തതാണോ അതിന് കാരണമെന്നു വ്യക്തമാക്കാമോ ;

(എഫ്) എങ്കിൽ പ്രതിരോധ കുത്തിവെയ്പ് നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ ; എങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

**സെല്‍ഫോണ്‍ ടവറില്‍ നിന്നുള്ള വികിരണം ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങള്‍**

6462 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മൊബൈല്‍ ഫോണ്‍ ടവറുകളില്‍ നിന്നുള്ള വികിരണം മനുഷ്യരില്‍ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങള്‍ സൃഷ്ടിക്കുന്നതായി വിദേശരാജ്യങ്ങളിലെ പല പഠനങ്ങളിലും കണ്ടെത്തിയതായ വാര്‍ത്ത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഷയത്തെക്കുറിച്ച് പഠിച്ച് റിപ്പോര്‍ട്ട് സമര്‍പ്പിക്കാന്‍ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം നിയോഗിച്ച സമിതി കേന്ദ്രസര്‍ക്കാരിനു സമര്‍പ്പിച്ച റിപ്പോര്‍ട്ടിലെ വിശദാംശങ്ങള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) ബ്രെയിന്‍ ട്യൂമര്‍, മാനസിക സംഘര്‍ഷം, ഉറക്കമില്ലായ്മ, ഓര്‍മ്മക്കുറവ്, ജന്മനായുള്ള വൈകല്യങ്ങള്‍ തുടങ്ങി ഒട്ടനവധി മാരകരോഗങ്ങള്‍ക്ക് ടവറുകളില്‍ നിന്നുള്ള വികിരണം കാരണമാകുന്നു എന്ന റിപ്പോര്‍ട്ട് പരിശോധിക്കുമോ;

(ഡി) സംസ്ഥാനത്ത് ഇതിനെക്കുറിച്ച് പഠിക്കാന്‍ ഒരു വിദഗ്ധ സമിതിയെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഇ) ടവറുകളുടെ ഉയരം,സ്ഥാപിക്കുന്ന സ്ഥലങ്ങളിലെ ജനസാന്ദ്രത, ടവറുകള്‍ തമ്മിലുണ്ടാകേണ്ട അകലംഎന്നിവ സംബന്ധിച്ച സമിതിയുടെ കര്‍ശനനിര്‍ദ്ദേശങ്ങള്‍പരിശോധിക്കുമോ;

(എഫ്) എങ്കില്‍ ഇതിനനുസൃതമായ മാറ്റങ്ങള്‍ ബന്ധപ്പെട്ട ചട്ടങ്ങളില്‍ വരുത്തുന്ന കാര്യം പരിഗണിക്കുമോ;

(ജി) അതുവരെ ടവറുകള്‍ സ്ഥാപിക്കുന്നതിന് നിയമാനുസൃതമായ നിയന്ത്രണം ഏര്‍പ്പെടുത്താന്‍ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള്‍ക്ക് നിര്‍ദ്ദേശം നല്‍കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>പുലയനാർകോട്ട നെഞ്ചുരോഗ ആശുപത്രിയിലെ ഭൂമികയ്യേറ്റം</u>

6463 ശ്രീ. മുല്ലക്കര രത്നാകരൻ
,, വി. ശശി
,, കെ. രാജു
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പുലയനാർകോട്ട നെഞ്ചുരോഗ ആശുപത്രിയുടെ കൈവശഭൂമിയിൽ അനധികൃത കയ്യേറ്റത്തിനെതിരെ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ;

(ബി) പുലയനാർകോട്ട നെഞ്ചുരോഗ ആശുപത്രിയുടെ ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഭൂമി കയ്യേറിയവർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

മാവേലിക്കര മണ്ഡലത്തിലെ ആരോഗ്യപരിപാലന നടപടികള്‍

6464

ശ്രീ. ആര്‍. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മാവേലിക്കര ഗവണ്‍മെന്റ് ആശുപത്രിയില്‍ ഡോക്ടര്‍മാരുടെ ഒഴിവ് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ പ്രസ്തുത ഒഴിവുകള്‍ നികത്തുന്നതിന് ആവശ്യമായ നടപടികള്‍ സ്വീകരിക്കുമോ;

(ബി) മാവേലിക്കര മണ്ഡലത്തിലെ പി.എച്ച്.സി., സി.എച്ച്.സി. കളുടെ നവീകരണം പരിഗണനയിലുണ്ടോ;

(സി) മാവേലിക്കര ആയുര്‍വേദ ഗവണ്‍മെന്റ് ആശുപത്രിയില്‍ കിടത്തി ചികിത്സയ്ക്കുള്ള കൂടുതല്‍ സൗകര്യങ്ങള്‍ ലഭ്യമാക്കുമോ;

(ഡി) മാവേലിക്കര മണ്ഡലത്തിലെ നൂറനാട് ലെപ്രസി സാനിട്ടോറിയത്തില്‍ അത്യാധുനിക സൗകര്യങ്ങളോട് കൂടിയ ആംബുലന്‍സ് ലഭ്യമാക്കുന്നതിനുള്ള നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കില്‍ ഇതിനുള്ള ധനസഹായം ലഭ്യമാക്കി ആംബുലന്‍സ് അനുവദിക്കുമോ;

(എഫ്) നൂറനാട് ലെപ്രസി സാനിട്ടോറിയത്തില്‍ ഫിസിക്കല്‍ മെഡിസിന്‍ യൂണിറ്റ് അനുവദിക്കുന്നത് പരിഗണനയില്‍ ഉണ്ടോ; എങ്കില്‍ എന്നത്തേക്ക് അനുവദിക്കുമെന്ന് വ്യക്തമാക്കുമോ;

(ജി) ആംബുലന്‍സിനായി ഉപയോഗിക്കുന്ന വാഹനങ്ങള്‍ക്കുള്ള നിബന്ധനകള്‍ എന്തെല്ലാമാണ്;

(എച്ച്) യാതൊരു സൗകര്യമോ സുരക്ഷിതത്വമോ കൂടാതെ ചെറിയ വാഹനങ്ങള്‍ ആംബുലന്‍സായി ഉപയോഗിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

## കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

(ഐ) എങ്കിൽ ഇതിനെതിരെ കർശന നടപടി സ്വീകരിക്കുമോ;

(ജെ) കോട്ടയം മെഡിക്കൽ കോളേജിൽ തീപൊള്ളലേറ്റവർക്കായി പ്രത്യേക വാർഡ് ഉണ്ടോ; ഇല്ലെങ്കിൽ അതിനുള്ള സൗകര്യം നൽകാമോ ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>ആരോഗ്യ ബോധവല്‍ക്കരണ പ്രതിരോധ പ്രവര്‍ത്തനങ്ങള്‍</u>

6465 ശ്രീ. തേറമ്പില്‍ രാമകൃഷ്ണന്‍
,, കെ. ശിവദാസന്‍ നായര്‍
,, അന്‍വര്‍ സാദത്ത്
,, വി.റ്റി. ബല്‍റാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആരോഗ്യ ബോധവല്‍ക്കരണങ്ങളും പ്രതിരോധ പ്രവര്‍ത്തനങ്ങളും സംസ്ഥാനത്തെ പിന്നോക്ക/മലയോര ജില്ലകളില്‍ കാര്യക്ഷമമായി നടക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനായി എന്തെല്ലാം നടപടികളാണ് കൈകൊള്ളാനുദ്ദേശിക്കുന്നത്;

(സി) ഇടുക്കി, വയനാട് ജില്ലകളില്‍ കൂടുതല്‍ ജൂനിയര്‍ ഹെല്‍ത്ത് ഇന്‍സ്പെക്ടര്‍മാരുടെ തസ്തികകള്‍ സൃഷ്ടിക്കുന്ന കാര്യം ഗൗരവമായി പരിഗണിക്കുമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>വൈപ്പിൻകരയിലെ അന്യസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം</u>

6466 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ.എൻ.ജി ടെർമിനൽ, വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ തുടങ്ങിയവയിൽ ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികൾ ഏറെയും താമസമാക്കിയിരിക്കുന്നത് വൈപ്പിൻ കരയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പൊതുജനാരോഗ്യ രംഗത്ത് സ്വീകരിക്കേണ്ട മുൻകരുതൽ എന്ന നിലയിൽ രക്തപരിശോധനയ്ക്കും വെക്ടർ കൺട്രോളിനും ഓരോ യൂണിറ്റുകൾ അവിടെ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിൽ ആരോഗ്യ കേന്ദ്രങ്ങൾ</u>

6467 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാഥമിക ആരോഗ്യ കേന്ദ്രവും ആയുർവ്വേദ, ഹോമിയോ ആശുപത്രികളും ഇല്ലാത്ത പഞ്ചായത്തുകൾ ഏതെല്ലാമെന്നു വ്യക്തമാക്കുമോ;

(ബി) മുഴുവൻ പഞ്ചായത്തുകളിലും അലോപ്പതി, ആയുർവ്വേദ, ഹോമിയോ ആശുപത്രികൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ ഒക്കൽ ഗ്രാമഞ്ചായത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രവും വേങ്ങൂർ ഗ്രാമപഞ്ചായത്തിൽ ഹോമിയോ ആശുപത്രിയും അനുവദിക്കുവാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ?

## കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>തൃശ്ശൂർ ജില്ലയിലെ തീരദേശ മേഖലയിലെ ആരോഗ്യ സംരക്ഷണം</u>

6468 ശ്രീമതി. ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ തീരദേശ മേഖലകളിലെ ആരോഗ്യ സംരക്ഷണത്തിന് എത്ര പി.എച്ച്.സി., സി.എച്ച്.സി. എന്നിവ പ്രവർത്തിക്കുന്നുണ്ട് ;

(ബി) അവിടങ്ങളിൽ വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങൾ ഇല്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

ഫിസിയോതെറാപ്പി കൗൺസിൽ രൂപീകരിക്കുവാൻ നടപടി

6469 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫിസിയോതെറാപ്പി സംഘടനകൾ നൽകിയ കേസിന്മേൽ ബഹു. ഹൈക്കോടതിയുടെ ഉത്തരവു പ്രകാരം എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സ്വതന്ത്ര ഫിസിയോതെറാപ്പി കൗൺസിൽ രുപീകരിക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(സി) ഫിസിയോതെറാപ്പി കൗൺസിൽ അടക്കമുള്ള പ്രധാനപ്പെട്ട വിഷയങ്ങളിൽ തീരുമാനമെടുക്കുന്നതിന് മുമ്പ് ഫിസിയോതെറാപ്പി പ്രതിനിധികളുടെ അഭിപ്രായം തേടാറുണ്ടോ ;

(ഡി) ഫിസിയോതെറാപ്പി കൗൺസിൽ രൂപീകരിക്കുന്നതിന് നിലവിലുള്ള തടസം എന്തെന്ന് വ്യക്തമാക്കുമോ ;

(ഇ) ഫിസിയോതെറാപ്പി നിയുക്ത പാരാമെഡിക്കൽ കൗൺസിലിന്റെ പരിധിയിൽ ഉൾപ്പെടുന്നതാണോയെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഇല്ലെങ്കിൽ നിയുക്ത പാരാമെഡിക്കൽ കൗൺസിലിന്റെ അഭിപ്രായം തേടാനുള്ള നീക്കം ഉപേക്ഷിക്കുമോ ;

(ജി) നിയുക്ത ജറിയാട്രിക് സെന്ററിൽ ഫിസിയോതെറാപ്പിയ്ക്ക് പ്രാതിനിധ്യം നൽകുമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ പദ്ധതികൾ</u>

6470 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യ വകുപ്പിന്റെ വികസന പരിപാടികളുടെ ഭാഗമായി കേന്ദ്ര സഹായം ആവശ്യപ്പെട്ട് പ്രോജക്ടുകളോ നിവേദനങ്ങളോ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ നടപ്പിലാക്കാവുന്ന ഒട്ടേറെ പദ്ധതികൾ ഉള്ളതിനാൽ അവ നേടിയെടുക്കുവാൻ സംസ്ഥാനത്ത് പ്രത്യേക സെൽ ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ രൂപം നൽകുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾ

6471 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ രംഗത്ത് ജോലി ചെയ്യുന്ന തൊഴിലാളികളെ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ കയർ വകുപ്പ് സ്വീകരിക്കുമോ;

(ബി) ഇത്തരം പരമ്പരാഗത തൊഴിൽ മേഖലയെ ശക്തിപ്പെടുത്താൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കയർ തൊഴിലാളി രംഗത്ത് പ്രായപരിധികഴിഞ്ഞിട്ടും അപേക്ഷ സമർപ്പിച്ച ഏതെങ്കിലും തൊഴിലാളിക്ക് പെൻഷൻ അനുവദിക്കാനുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ അർഹതയുള്ള എല്ലാവർക്കും പെൻഷൻ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>ആലപ്പുഴ - ആരോഗ്യപാക്കേജ്</u>

6472 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ അനുവദിച്ചിട്ടുള്ള ആരോഗ്യ പാക്കേജ് എന്നാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ഇതിന് ആവശ്യമായ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ;

(ബി) ജില്ലയിലെ ഏതെല്ലാം മേഖലകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ആരോഗ്യ പാക്കേജ് നടപ്പാക്കേണ്ട മേഖലകളും പദ്ധതികളും സംബന്ധിച്ച അന്തിമ തീരുമാനത്തിന് മുമ്പ്, എം. എൽ.എ.മാരുമായി ഒരിക്കൽ കൂടി ചർച്ച ചെയ്യുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച ആരോഗ്യ പരിപാലന സംവിധാനം</u>

6473 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല സീസണിൽ ആശുപത്രികളിലും പമ്പ, സന്നിധാനം ആശുപത്രികളിലും പ്രത്യേകം ഏർപ്പെടുത്തിയിട്ടുള്ള ആരോഗ്യ പലിപാലന സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) ശബരിമല ക്ഷേത്രം സ്ഥിതിചെയ്യുന്ന പെരുനാട് പഞ്ചായത്തിലെ സി.എച്ച്.സി യിലും റാന്നി താലൂക്കാശുപത്രിയിലും എന്തൊക്കെ പ്രത്യേക സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുളളത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആശുപത്രികളിൽ ഒഴിവുള്ള തസ്തികകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>വിഷാംശം കലർന്ന വിദേശനിർമ്മിത കളിപ്പാട്ടം</u>

6474 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശനിർമ്മിത കളിപ്പാട്ടങ്ങളിൽ വിഷാംശം ഉണ്ടെന്ന കണ്ടെത്തലിനെ തുടർന്ന് ഇത്തരം കളിപ്പാട്ടങ്ങൾ നിരോധിക്കണമെന്ന കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദ്ദേശം ആരോഗ്യവകുപ്പിന് ലഭ്യമായിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശത്തിൽമേൽ സംസ്ഥാന സർക്കാർ എന്തെല്ലാം പഠനങ്ങളും നടപടികളുമാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ്</u>

6475 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിരോധനം പുന:പരിശോധിക്കുന്നത് സംബന്ധിച്ച് അക്കാഡമിക് കേഡർ സംവിധാനം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ അക്കാഡമിക് കേഡർ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>സ്വകാര്യ സ്കാനിംഗ് സെന്ററുകളിലെ അമിത ചാര്‍ജ്</u>

6476 ശ്രീ. ബാബു.എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്വകാര്യ സ്കാനിംഗ് സെന്ററുകള്‍ പലതും അമിതമായ ചാര്‍ജ് ഈടാക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ ന്യായമായ ചാര്‍ജ് ഈടാക്കുന്നതിന് സ്വകാര്യ ലാബുകളെ പ്രേരിപ്പിക്കാന്‍ എന്ത് നടപടിയാണ് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

ശിശുമരണനിരക്ക്

6477 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശിശുമരണനിരക്ക് വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ അഞ്ചുമാസത്തിനുള്ളിൽ നാളിതുവരെ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട നവജാത ശിശുമരണങ്ങൾ എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) നവജാത ശിശുമരണങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>രക്തബാങ്കുകളുടെ പ്രവർത്തനം</u>

6478 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ രക്തബാങ്കുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) രക്തബാങ്കുകളിൽ ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ രക്തബാങ്കിന്റെ പ്രവർത്തനം ഫലപ്രദമായി നടക്കുന്നുണ്ടോ;

(ഡി) ആർ.സി.സി. രക്തബാങ്കിലെ ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) സർക്കാർ തലത്തിൽ രക്തദാന സേനകളുടെ രജിസ്ട്രേഷൻ നടത്തുവാൻ തയ്യാറാകുമോ;

(എഫ്) സർക്കാർ രക്തബാങ്കുകളിൽ സ്വമേധയാ രക്തം നൽകുന്നവർക്ക് പ്രതിഫലമോ പ്രോത്സാഹനമോ നൽകാൻ തയ്യാറാകുമോ;സംസ്ഥാനത്തെ രക്തബാങ്കുകളുടെ വിശദവിവരം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>ശ്രീ. ജയകുമാർ നൽകിയ റീഇംബേഴ്സ്മെന്റിനുള്ള അപേക്ഷ</u>

6479

ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടങ്ങൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്ന ശ്രീ. ജയകുമാർ ടിയാന്റെ പിതാവിന്റെ ചികിത്സാ ചെലവ് റീഇംബേഴ്സ് ചെയ്തുകിട്ടുന്നതിനായി നൽകിയ അപേക്ഷ (30911/ഏ/ഒ&എണ) ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഫയലിന്മേൽ സ്വീകരിച്ച നടപടിക്രമങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>കെട്ടിടം പൊളിച്ചുമാറ്റുവാൻ നടപടി</u>

6480 ശ്രീ. സി.എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി താലൂക്ക് ഗവൺമെന്റ് ആശുപത്രിയുടെ തെക്കുപടിഞ്ഞാറ് മൂലയിൽ സ്റ്റേഡിയം റോഡിന് വടുക്കുവശത്തുള്ള ഉപയോഗരഹിതമായ പഴയകെട്ടിടം പൊളിച്ചുമാറ്റുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഉടനെ പൊളിച്ചുമാറ്റുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>കുട്ടനാട് പുളിങ്കുന്ന് താലൂക്കാശുപത്രി, സി.എച്ച്.സി., പി.എച്ച്.സി. എന്നിവിടങ്ങളിലെ ഒഴിവുകൾ</u>

6481 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് മണ്ഡലത്തിലെ പുളിങ്കുന്ന് താലൂക്ക് ആശുപത്രി, പ്രൈമറി/കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നീവിടങ്ങളിൽ ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വിശദമാക്കാമോ;

(ബി) പുളിക്കുന്ന് താലൂക്കാശുപത്രിയിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) കുട്ടനാട്ടിലേയ്ക്ക് നിർബന്ധിത ഗ്രാമീണ സേവനത്തിന് നിയമിച്ചിട്ടും എത്താത്ത ഡോക്ടർമാരുടെ പേരിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) കുട്ടനാട് താലൂക്കാശുപത്രി, സി.എച്ച്.സി., പി.എച്ച്.സി. എന്നിവിടങ്ങളിൽ നിന്നും നിലവിൽ വർക്ക് അറേഞ്ച്മെന്റിലും ഡെപ്യൂട്ടേഷനിലും ജോലിചെയ്യുന്ന നഴ്സുമാർ, ഡോക്ടർമാർ എന്നിവരുടെ പട്ടിക ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>പബ്ലിക് ഹെൽത്ത് ലബോറട്ടറികളുടെ നിലവാരം</u>

6482 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പബ്ലിക് ഹെൽത്ത് ലബോറട്ടറികളുടെ നിലവാരം ഉയർത്തുന്നതിനും നവീകരിക്കുന്നതിനുമായി നടപടികൾ സ്വീകരിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിനായി എത്ര തുക നീക്കിവെച്ചു എന്നും അതിൽ എത്ര തുക വീതം എന്തെല്ലാം കാര്യങ്ങൾക്ക് ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്തെ എല്ലാ ടി.എച്ച്.ക്യു/സി.എച്ച്.സി/പി.എച്ച്.സി ആശുപത്രികളിലും ലാബ് സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കാമോ ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലെ ലാബ് സംവിധാനം ആധുനികവൽക്കരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>ചെറുവാടി സി.എച്ച്.സി.</u>

6483 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ ചെറുവാടി പി.എച്ച്.സി. യെ സി.എച്ച്.സി. ആയി ഉയർത്തിയത് എന്നാണ്;

(ബി) നിലവിൽ ചെറുവാടി സി.എച്ച്.സി.യിൽ എന്തൊക്കെ സൗകര്യങ്ങളാണുളളത്;

(സി) എന്തൊക്കെ ഭൗതിക സാഹചര്യങ്ങൾ അവിടെ ഒരുക്കിയിട്ടുണ്ട്;

(ഡി) പ്രസ്തുത സെന്ററിൽ കിടത്തി ചികിത്സ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) ആവശ്യമായ ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും തസ്തികകൾ അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>കൊടുവള്ളി നിയോജക മണ്ഡലത്തിലെ</u>
<u>പ്രാഥമിക ആരോഗ്യകേന്ദ്രം</u>

6484 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജക മണ്ഡലത്തിലെ കട്ടിപ്പാറ ഗ്രാമ പഞ്ചായത്തിൽ പ്രാഥമിക ആരോഗ്യകേന്ദ്രം നിലവിലില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രാഥമിക ആരോഗ്യകേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് ;

(സി) ഇത് എപ്പോൾ ആരംഭിക്കാൻ കഴിയും?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>പി.എച്ച്.സി കൾക്ക് ആവശ്യമായ തസ്തികകൾ</u>

6485 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് കിടത്തി ചികിത്സ അനുവദിച്ചിട്ടുളളതും നാളിതുവരെയും പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതുമായ പി.എച്ച്.സി കൾക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുളള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) ഇവയുടെ പ്രവർത്തനം എന്ന് തുടങ്ങാനാകും;

(സി) മലപ്പുറം ജില്ലയിലെ വാഴക്കാട്, വാഴയൂർ പി.എച്ച്.സി കളിൽ മുഴുവൻ സമയ പ്രവർത്തനം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

പി. എച്ച്. സി. കളിലെ ഡോക്ടർ / സ്റ്റാഫ് സ്ട്രെങ്ത്

6486 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അരൂർ, പള്ളിത്തോട് എന്നീ പി. എച്ച്. സി. കളിൽ ഐ. പി. അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ടോ; ഇവിടെ 10 കിടക്കകളെങ്കിലും ഉള്ള ഐ. പി. തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) എഴുപുന്ന പി. എച്ച്. സി. യിൽ ഐ. പി. യിൽ ഡോക്ടർമാർ ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മതിയായ ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) തൈക്കാട്ടുശ്ശേരി സി. എച്ച്. സി. ക്കാവശ്യമായ സ്റ്റാഫ് സ്ട്രെങ്ത് അനുവദിക്കുന്നതിനുളള നടപടി സ്വീകരിക്കുമോ;

(ഇ) അരൂക്കുററി ആശുപത്രിയിൽ സി. എച്ച്. സി. ക്കാവശ്യമായ സ്റ്റാഫ് സ്ട്രെങ്ത് അനുവദിച്ച് കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

പൊന്നാനി താലൂക്കിലെ മാറഞ്ചേരി സി.എച്ച്.സി.യിൽ ഡോക്ടമാരുടെ കുറവ്

6487 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി താലൂക്കിലെ മാറഞ്ചേരി സി.എച്ച്.സി. യിൽ ഡോക്ടർമാരില്ലാത്തതുകാരണം രോഗികൾ പ്രയാസമനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആവശ്യമായത്ര ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ആശുപത്രിക്ക് പുതിയ ബ്ലോക്ക് പണിയാൻ കഴിഞ്ഞ സർക്കാർ നബാർഡ് മുഖേന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര തുകയാണ് പ്രസ്തുത ബ്ലോക്കിന് അനുവദിച്ചിട്ടുളളത്;

(ഇ) എങ്കിൽ പണി എന്നു തുടങ്ങാനാകും എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>സി.എച്ച്.സി, പി.എച്ച്.സി സ്റ്റാഫ് പാറ്റേൺ</u>

6488 ശ്രീമതി അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന സി.എച്ച്.സി, പി.എച്ച്.സി എന്നിവിടങ്ങളിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ, ആശുപത്രി തിരിച്ച് വിശദമാക്കുമോ ;

(ബി) പ്രസ്തുത സി.എച്ച്.സി, പി.എച്ച്.സി കളിൽ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും എത്ര ഒഴിവുകൾ ഉണ്ടെന്ന് ആശുപത്രികൾ തിരിച്ച് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഒഴിവുകൾ എന്ന് മുതൽ ഉണ്ടായി എന്നും ആയത് നികത്തുന്നതിന് സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>നേമം നിയോജകമണ്ഡലത്തിലെ ആതുരാലയങ്ങൾ</u>

6489 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ അലോപ്പതി വിഭാഗത്തിൽ പ്രവർത്തിക്കുന്ന ആതുരാലയങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ ആധുനികവൽക്കരിക്കുന്നതിനും മെയിന്റനൻസ് നടത്തുന്നതിനും സ്വീകരിച്ചതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

ആയൂർവേദ മേഖല - നേമം നിയോജക മണ്ഡലം

6490 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിലെ ആയുർവേദ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണ്;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ ആധുനികവൽക്കരിക്കുന്നതിനും മെയിന്റനൻസ് നടത്തുന്നതിനും സ്വീകരിച്ചതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

എൻ.എ.ബി.എച്ച് അക്രഡിറ്റേഷൻ

6491 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോട്ടപ്പറമ്പ് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിക്ക് എൻ.എ.ബി.എച്ച് അക്രഡിറ്റേഷൻ ലഭിക്കുന്നതിനാവശ്യമായ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ ;

(ബി) എൻ.എ.ബി.എച്ച് അക്രഡിറ്റേഷൻ ലഭിക്കുന്നതിനാവശ്യമായ പ്രവർത്തികൾ ഏതെല്ലാം വർഷങ്ങളിലാണ് നടത്തിയതെന്നും ഇതിന് ഏതെല്ലാം ഫണ്ടാണ് ഉപയോഗിച്ചതെന്നും ഓരോ ഫണ്ടിൽ നിന്നും എത്ര തുകയാണ് ഉപയോഗിച്ചതെന്നും വിശമാക്കുമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>രോഗനിർണ്ണയത്തിലെ പിഴവുകൾ</u>

6492 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രോഗനിർണ്ണയത്തിലെ പിഴവുമൂലം അനാവശ്യചികിത്സയ്ക്കും, മരണത്തിനും കാരണമാകുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അതിനാൽ രോഗനിർണ്ണയ സമയത്ത് എല്ലാ വിഭാഗം ഡോക്ടർമാരുടേയും സേവനം ലഭ്യമാക്കി ചികിത്സ നിർണ്ണയിക്കുന്ന രീതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>കോക്ലിയർ ഇംപ്ലാന്റ് സർജറി നടത്തുന്നതിന് പ്രത്യേക അനുവാദം</u>

6493 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ പന്തളം പി.എച്ച്.സി.യിൽ ഫാർമസിസ്റ്റായ ശ്രീ. സി. കെ. നന്ദനന്റെ മകൻ മാസ്റ്റർ ശ്രീരംഗിന് കോക്ലിയർ ഇംപ്ലാന്റ് സർജറി നടത്തുന്നതിന് പ്രത്യേക അനുവാദം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

ഭാരതീയ ചികിത്സാ വകുപ്പിൽ ദിവസവേതനം വർദ്ധിപ്പിക്കൽ

6494 ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭാരതീയ ചികിത്സാ വകുപ്പിൽ വിവിധ തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് എത്ര രൂപ വീതമാണ് നൽകിവരുന്നത്; തസ്തികകളുടെ പേരും നൽകിവരുന്ന വേതനവും വേർതിരിച്ചു വ്യക്തമാക്കുമോ;

(ബി) ഇവർക്ക് നൽകിവരുന്ന വേതനം പത്ത് വർഷം മുമ്പുള്ളതും വളരെ തുച്ഛവുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത വകുപ്പിൽ വിവിധ തസ്തികളിൽ ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ വേതനം വർധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>ആശാ വർക്കേഴ്സിന്റെ പ്രവർത്തനങ്ങൾ</u>

6495 ശ്രീ. വി. ഡി. സതീശൻ
,, സി. പി. മുഹമ്മദ്
,, എ. പി. അബ്ദുളളക്കുട്ടി
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശാ വർക്കേഴ്സിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീരിച്ചിട്ടുളളത്;

(ബി) ഇവരുടെ വേതനം വളരെ തുച്ഛമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി</u>

6496

ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) 2010-11 വർഷത്തിൽ എത്ര പേർക്ക് അവയവദാനം നടത്തുന്നതിന് അനുമതി നൽകിയെന്ന് വിശദമാക്കാമോ;

(സി) അവയവദാനവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ സുതാര്യവും ലളിതവുമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>അവയവദാനം</u>

6497 ശ്രീ. ജോസഫ് വാഴക്കൻ
'' ഷാഫി പറമ്പിൽ
'' വി.പി സജീന്ദ്രൻ
'' പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അവയവദാനത്തിന്റെ സാദ്ധ്യതകളെപ്പറ്റി ജനങ്ങളെ കൂടുതൽ അവബോധം വളർത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈകൊള്ളാനുദ്ദേശിക്കുന്നത്;

(ബി) ഇതിനായി സെമിനാറുകളും ചർച്ചകളും നടപ്പിലാക്കാൻ തയാറാകുമോ;

(സി) സന്നദ്ധസംഘടനകൾ/എൻ.ജി.ഒകൾ/പൊതുമേഖല സ്ഥാപനങ്ങൾ എന്നിവയുടെ സഹായം ഇതിനുവേണ്ടി ഉപയോഗിക്കുന്നത് പരിഗണിക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

108 ആംബുലൻസുകളുടെ കാര്യക്ഷമത

6498 ശ്രീ. ജോസഫ് വാഴക്കൻ
,, എം.എ. വാഹീദ്
,, കെ. ശിവദാസൻ നായർ
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 108 അംബുലൻസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാം;

(ബി) ആംബുലൻസിൽ രോഗികളോടൊപ്പം രണ്ടിൽ കൂടുതൽപേർ കയറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതുമൂലം രോഗികൾക്ക് ആംബുലൻസിൽ പരിചരണം നടത്തുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഐ. സി. യൂണിറ്റോടുകൂടി ആംബുലൻസ്</u>

6499 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഐ. സി. യൂണിറ്റോടുകൂടി ഒരു ആംബുലൻസ് അനുവദിക്കാനും, ട്രോമാ കെയർ യൂണിറ്റ് അനുവദിക്കാനും ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചത് ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

**ജലാശയ മേഖലകളിൽ 108 ആംബുലൻസിന്റെ പ്രവർത്തനം**

6500 ശ്രീ. പി. സി. വിഷ്ണുനാഥ്
,, എം. പി. വിൻസെന്റ്
,, വി. പി. സജീന്ദ്രൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 108 ആംബുലൻസുകളുടെ പ്രവർത്തനം ജലാശയ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ആദ്യപടിയായി ഇത് എവിടെയൊക്കെയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ഡി) ഇതിനായി സ്പീഡ് ബോട്ടുകളുടെ സേവനം ഉപയോഗപ്പെടുത്തുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ ആരോഗ്യ പദ്ധതി</u>

6501 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ആരോഗ്യ പദ്ധതി' എത്ര സ്കൂളുകളിൽ നടപ്പിലാക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിലെ ഏതൊക്കെ സ്കൂളുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുളളത്;

(സി) സ്കൂൾ ആരോഗ്യപദ്ധതിയെപ്പറ്റിയുളള വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>മയക്കുമരുന്നിനടിമപ്പെട്ടവരെ ചികിത്സിക്കുന്നതിനുള്ള സംവിധാനങ്ങൾ</u>

6502 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്നിനടിമപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി എന്തൊക്കെ പരിപാടികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മയക്കുമരുന്നിനടിമപ്പെട്ടവരെ ചികിത്സിക്കുന്നതിനായി സംസ്ഥാനത്ത് എത്ര സർക്കാർ-സർക്കാരിതര സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാരിതര സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്താണോ പ്രവർത്തിക്കുന്നത്; രജിസ്റ്റർ ചെയ്യുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനകൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

പൊതുജനാരോഗ്യനിയമം

6503 ശ്രീ. പി. സി. വിഷ്ണുനാഥ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, വർക്കല കഹാർ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതു സ്ഥലങ്ങൾ മാലിന്യമാക്കുന്നവർക്കെതിരെ നടപടികൾ എടുക്കുവാൻ ആരോഗ്യ വകുപ്പിന് നിലവിൽ എന്തെല്ലാം അധികാരങ്ങളാണ് ഉള്ളത് ;

(ബി) ഇത് ശക്തിപ്പെടുത്തുന്നതിനായി ഒരു പൊതുജനാരോഗ്യനിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ ആശുപത്രികള്‍ക്ക് അക്രഡിറ്റേഷന്‍</u>

6504 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ആശുപത്രികള്‍ക്ക് അക്രഡിറ്റേഷന്‍ നല്‍കുന്ന വിദഗ്ധസംഘത്തിന്റെ ഘടന വിശദമാക്കാമോ ;

(ബി) അക്രഡിറ്റേഷന്‍ കാലാവധി എത്രയാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>ജില്ലാ ആശുപത്രികൾതോറും ഡയാലിസിസ് മെഷിനുകൾ</u>

6505 ശ്രീ. വി. പി. സജീന്ദ്രൻ
,, ഷാഫി പറമ്പിൽ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാ ആശുപത്രികളിൽ ഡയാലിസിസ് മെഷീനുകൾ സ്ഥാപിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

(ബി) സന്നദ്ധ സംഘടനകൾ മെഷീനുകൾ സൗജന്യമായി വാഗ്ദാനം ചെയ്യുമെങ്കിൽ അത് സ്വീകരിക്കുന്നകാര്യം പരിഗണിക്കുമോ ;

(സി) ആരെല്ലാം അപ്രകാരം വാഗ്ദാനം ചെയ്തിട്ടുണ്ട് ;

(ഡി) ഇതിനായി ധാരണാപത്രം കൈമാറിയിട്ടുണ്ടോ ;

(ഇ) ഇത്തരം ശ്രമങ്ങൾക്ക് പ്രോത്സാഹനം നൽകുവാൻ വേണ്ട നടപടികൾ എടുക്കുമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>കാഞ്ഞിരപ്പള്ളി താലൂക്കാശുപത്രിയിലെ ഐ. സി. യു</u>

6506 ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി താലൂക്കാശുപത്രിയിലെ ഐ. സി.യു - വിന്റെ പ്രവർത്തനം സംബന്ധിച്ച് ബഹു. ലോകായുക്തയുടെ നിർദ്ദേശം വിശദമാക്കുമോ ;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ അതുപോലെ പാലിക്കപ്പെട്ടിട്ടുണ്ടോ ;

(സി) ഇല്ലായെങ്കിൽ കാരണങ്ങൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

നെയ്യാറ്റിൻകര ആശുപത്രിയിലെ ശോച്യാവസ്ഥ

6507 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജില്ലാ ആശുപത്രിയിൽ എത്ര കിടക്കകളുണ്ട്;

(ബി) കട്ടിലുകളും കിടക്കകളും ജീർണ്ണിച്ചവയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പകരം പുതിയ കട്ടിലും, കിടക്കയും നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

ചേര്‍ത്തല താലൂക്കാശുപത്രിയില്‍ പ്രത്യേക കാഷ്വാലിറ്റി ബ്ലോക്ക്

6508 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചേര്‍ത്തല താലൂക്കാശുപത്രിയില്‍ പ്രത്യേക കാഷ്വാലിറ്റി ബ്ലോക്ക് ആരംഭിക്കുമെന്ന് മുന്‍ സര്‍ക്കാര്‍ പ്രഖ്യാപിച്ചിരുന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ബ്ലോക്ക് പ്രാവര്‍ത്തികമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത ആശുപത്രിയില്‍ ത്വക്ക്, നേത്ര, ഗൈനക്കോളജി എന്നീ വിഭാഗങ്ങളില്‍ ഒഴിവുകള്‍ ഉള്ള കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കില്‍ പ്രസ്തുത ഒഴിവുകള്‍ നികത്താന്‍ നടപടി സ്വീകരിക്കുമോ ;

(ഇ) പ്രസ്തുത താലൂക്ക് ആശുപത്രിയില്‍ കാര്‍ഡിയാക്ക് ഐ.സി. യൂണിറ്റിന്റെ എല്ലാ ഭൗതിക സാഹചര്യങ്ങളും വര്‍ഷങ്ങളായി ഒരുക്കിയിട്ടിരിക്കുകയാണെങ്കിലും പ്രവര്‍ത്തനം മുടങ്ങി കിടക്കുകയാണെന്നുള്ള കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(എഫ്) പ്രസ്തുത ആശുപത്രിയില്‍ കാര്‍ഡിയാക്ക് ഐ.സി.യൂണിറ്റ് പ്രവര്‍ത്തനം ആരംഭിക്കുവാന്‍ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

ശസ്ത്രക്രിയാ സാമഗ്രികൾ

6509 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നൂൽ, പഞ്ഞി, ഗ്ലൗസ് തുടങ്ങിയ അവശ്യസാധനങ്ങൾപോലും ലഭ്യമല്ലാത്തതിനാൽ മെഡിക്കൽ കോളേജുകളടക്കം വിവിധ ആശുപത്രികളിൽ ശസ്ത്രക്രിയകൾ മാറ്റിവയ്ക്കേണ്ട സാഹചര്യം ഉണ്ടായി എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രശ്നം ഉടലെടുക്കാനിടയായ സാഹചര്യങ്ങൾ വിശദീകരിക്കാമോ ;

(സി) ലോക്കൽ പർച്ചേസിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(ഡി) അതിന്റെ മറവിൽ ക്രമക്കേടുകൾ ഉണ്ടാകാതിരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(ഇ) രോഗികൾ തന്നെ മരുന്നും ശസ്ത്രക്രിയ വസ്തുക്കളും വാങ്ങിയാൽ പണം മടക്കികൊടുക്കുവാൻ നടപടി സ്വീകരിയ്ക്കുമോ ;

(എഫ്) മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന എന്നു മുതൽ മരുന്ന് വിതരണം നടത്താൻ കഴിയുമെന്ന് വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>ചങ്ങനാശേരി താലൂക്ക് ആശുപത്രിയിലെ പേ വാർഡ്</u>

6510 ശ്രീ. സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി താലൂക്ക് ഗവൺമെന്റ് ആശുപത്രിയിൽ അനേകവർഷങ്ങളായി ഉപയോഗശൂന്യമായിക്കിടക്കുന്ന കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേവാർഡിന്റെ പുനരുദ്ധാരണ പ്രവർത്തനം നടത്തുന്നുണ്ടോ;

(ബി) ഈ കെട്ടിടം പൊളിച്ചു മാറ്റണമെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എത്രയും വേഗം പൊളിച്ചു മാറ്റുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

### മലപ്പുറത്ത് കാൻസർ ചികിത്സാ കേന്ദ്രം

6511 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, പി. ഉബൈദുള്ള
,, എം. പി. അബ്ദുസ്സമദ് സമദാനി
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കാൻസർ ബാധിതർ മലപ്പുറം ജില്ലക്കാരാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് ഭൂമി ശാസ്ത്രപരമായ എന്തെങ്കിലും പ്രത്യേക കാരണം ഉണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് പരിശോധിക്കാൻ ഒരു കമ്മിറ്റിയെ നിയമിക്കുമോ;

(സി) കൂടുതൽ കാൻസർ ബാധിതരുള്ള മലപ്പുറത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു കാൻസർ ചികിത്സാകേന്ദ്രം തുടങ്ങണമെന്ന ആവശ്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>കാൻസർ രോഗം</u>

6512 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനങ്ങളിൽ കാൻസർ രോഗം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന്മേൽ ആധികാരികമായ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ;

(സി) സമഗ്രമായ പഠനം നടത്തിക്കുന്നതിനാവശ്യമായ ഒരു മെഡിക്കൽ സംഘത്തെ നിയോഗിക്കുകയും അടിയന്തിരമായി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>വയനാട് ജില്ലാ ആശുപത്രിയിലെ ഓങ്കോളജി വിഭാഗം</u>

6513 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലാ ആശുപത്രിയിൽ ഓങ്കോളജി വിഭാഗം പ്രവർത്തിച്ചിരുന്നുവോ; അത് നിർത്തലാക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) ജില്ലയിലെ കാൻസർ രോഗികൾക്ക് വിദഗ്ദ്ധ ചികിത്സ ലഭിക്കുന്നതിനായി ഓങ്കോളജി വിഭാഗം ജില്ലാ ആശുപത്രിയിൽ പ്രവർത്തനസജ്ജമാക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

(സി) വയനാട് ജില്ലയിലെ പെയിൻ ആൻഡ് പാലിയേറ്റീവ് ക്ലിനിക്കുകളിൽ എത്ര കാൻസർ രോഗികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട് ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

ആർ.സി.സി യിൽ റിവൈസ്ഡ് സ്കെയിൽ

6514 ശ്രീ. തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റീജണൽ കാൻസർ സെന്ററിൽ ആറാം ശമ്പള ക്കമ്മീഷൻ നടപ്പാക്കിയിട്ടുണ്ടോ ;

(ബി) 2008-ലെ ആറാം ശമ്പളക്കമ്മീഷന്റെ ഉത്തരവിൽ ഓപ്പറേഷൻ തീയറ്റർ ടെക്നീഷ്യന്റെ സ്കെയിൽ എത്രയായാണ് നിശ്ചയിച്ചിട്ടു ള്ളത് ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ആറാം കേന്ദ്ര ശമ്പള പരിഷ്കരണ ഉത്തരവിൽ പാരാമെഡിക്കൽ സ്റ്റാഫിൽ ഓപ്പറേഷൻ തീയറ്റർ ടെക്നീഷ്യൻ, തീയറ്റർ ടെക്നീഷ്യൻ (അനസ്തേഷ്യ) എന്നിങ്ങനെയുള്ള രണ്ട് വിഭാഗ ങ്ങൾ ഉണ്ടോ ;

(ഡി) എങ്കിൽ ഇവരുടെ ശമ്പള സ്കെയിൽ എത്ര ആണെന്നും വ്യക്തമാ ക്കാമോ ; പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഇ) ആർ.സി.സി യിലെ എല്ലാ വിഭാഗം ജീവനക്കാരുടെയും ശമ്പളം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>കാൻസർ രോഗികൾക്ക് പ്രത്യേക ചികിൽസാ ധനസഹായ പദ്ധതി</u>

6515 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗികൾക്കായി പ്രത്യേക ചികിൽസാ ധനസഹായ പദ്ധതി ആവിഷ്ക്കരിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) കാൻസർ രോഗബാധിതരായി മരണമടയുന്നവരുടെ സംഖ്യ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇത് സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾ വകുപ്പ് സൂക്ഷിക്കാറുണ്ടോ;

(സി) 2006 മുതൽ 2010 വരെയുള്ള കാലയളയിൽ ഓരോ വർഷവും എത്ര കാൻസർ രോഗികൾ മരണപ്പെട്ടുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

ചികിത്സാ സഹായം

6516 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ശ്രീമതി മിനി (W/o ശ്രീ. സന്തോഷ്) കക്കോട്ടും പടിക്കൽ കോരാമ്പ്രകണ്ടിപറമ്പ്ചെലപ്രം ചേളനൂർ, ചികിത്സാ സഹായം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>ചെലവേറിയ ശസ്ത്രക്രിയകൾക്കുള്ള സഹായം</u>

6517

ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മെഡിക്കൽ കോളേജുകളിലും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിലും ചെലവേറിയ ശസ്ത്രക്രിയകൾക്ക് വിധേയരാകുന്ന പാവപ്പെട്ട രോഗികളെ സഹായിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണുള്ളത് എന്നും സഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്താണെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>ആരോഗ്യകുടുംബക്ഷേമ മന്ത്രാലയത്തിൽ നിന്നും ധനസഹായം</u>

6518 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യകുടുംബക്ഷേമവകുപ്പ് മന്ത്രിയുടെ സഹായ നിധിയിൽ നിന്നും ഏതെല്ലാം രോഗങ്ങൾക്കുളള ചികിത്സയ്ക്കാണ് ധനസഹായം നൽകുന്നത് എന്ന് വിശദമാക്കുമോ;

(ബി) പരമാവധി എത്ര തുകയാണ് സഹായമായി നൽകുന്നത്;

(സി) ഇങ്ങനെ ലഭിക്കുന്ന തുക ചികിത്സ നടത്തുന്ന ആശുപത്രിയിലേക്ക് മാത്രമേ അനുവദിക്കൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ടോ;

(ഡി) ചികിത്സ കഴിഞ്ഞു പോകുന്ന ആളുകൾക്ക് നേരിൽ കിട്ടുന്ന തരത്തിൽ സഹായം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>ത്വക്ക് / കാൽപാദ രോഗങ്ങൾ</u>

6519 ശ്രീ. റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ താലൂക്കുകളിൽ നിരവധിപേർക്ക് ത്വക്ക് വരണ്ട് ഉണങ്ങി, കാൽപാദം വിണ്ടുകീറി പാദം നിലത്ത് ചവിട്ടാൻ കഴിയാതെ രോഗം ബാധിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(സി) തോട്ടം മേഖലയോടു ചേർന്നുള്ള കായലുകൾ, തോടുകൾ, അരുവികൾ എന്നിവയുടെ സമീപത്ത് താമസിക്കുന്നവർക്കാണ് ഈ രോഗം ബാധിച്ചിട്ടുള്ളതെന്നത് സംബന്ധിച്ച് ഏതെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) ഈ മേഖലകളിലെ തോട്ടങ്ങളിലും എസ്റ്റേറ്റുകളിലും നിരോധിക്കപ്പെട്ട കീടനാശിനികൾ ഉപയോഗിക്കുന്നതായുള്ള എന്തെങ്കിലും വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>മാരകരോഗപ്പട്ടികയിലുൾപ്പെട്ട രോഗങ്ങൾ</u>

6520 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാരകരോഗപ്പട്ടികയിൽ ഉൾപ്പെട്ട രോഗങ്ങൾ ഏതെല്ലാമാണ് ;

(ബി) എലിപ്പനി, എയ്ഡ്സ് എന്നീ രോഗങ്ങളെ പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്താത്തതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ;

(സി) പ്രസ്തുത രോഗങ്ങൾ പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>പനിമരണം</u>

6521 ശ്രീ.രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം എത്ര പനിമരണങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഇതിൽ സ്ത്രീകൾ, പുരുഷന്മാർ, 10നും 18നും ഇടയിൽ പ്രായമുള്ള ആൺകുട്ടികൾ/പെൺകുട്ടികൾ, 10 വയസ്സിനുതാഴെയുള്ള ആൺകുട്ടികൾ/പെൺകുട്ടികൾ, എന്നിവരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇങ്ങനെ മരണപെട്ടവരിൽ ആരുടെയെങ്കിലും പോസ്റ്റ്മാർട്ടം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേരുടെയെന്ന് വ്യക്തമാക്കാമോ;

(സി) പനിബാധിച്ചവർ മരണപ്പെട്ടത് മദ്യപാനം മൂലമുള്ള കരൾ രോഗത്താലാണെന്നുള്ള വെളിപ്പെടുത്തൽ എന്തൊക്കെ തെളിവുകളുടെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു വെളിപ്പെടുത്തൽ ഉണ്ടായതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രസ്താവനയ്ക്കാധാരമായ തെളിവുകളോ, റിപ്പോർട്ടോ ഉണ്ടെങ്കിൽ കോപ്പി ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>കണ്ണൂർ ജില്ലയിൽ പകർച്ചവ്യാധിമൂലം മരണപ്പെട്ടവർ</u>

6522 ശ്രീ.റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എലിപ്പനി, ഡങ്കിപ്പനി, മലേറിയ, ചിക്കൻഗുനിയ തുടങ്ങിയ രോഗങ്ങൾ ബാധിച്ച് 01-01-2011-ന് ശേഷം എത്ര പേർ മരണപ്പെട്ടിട്ടുണ്ട്; ഏതൊക്കെ പഞ്ചായത്തിൽപ്പെട്ടവരാണിവർ; വിശദാംശം വ്യക്തമാക്കാമോ;

(ബി) ഈ രീതിയിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>പാരാമെഡിക്കൽ കൗൺസിൽ നിയമം</u>

6523 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള പാരാമെഡിക്കൽ കൗൺസിൽ നിയമം നിലവിലുണ്ടോ;വിശദമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിൽ അംഗീകാരമുള്ള പാരാമെഡിക്കൽ സ്ഥാപനങ്ങൾ എത്രയുണ്ടെന്ന് പേര് സഹിതം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>പുതിയ മെഡിക്കൽ കോളേജുകൾ</u>

6524 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ആരംഭിക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന നാല് മെഡിക്കൽ കോളേജുകൾക്കുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഇതിലേയ്ക്കായി എത്ര ഡോക്ടർമാരേയും മറ്റ് ജീവനക്കാരേയും ആവശ്യമുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ബഡ്ജറ്റിൽ വകയിരുത്തിയ തുക പ്രാഥമിക ചെലവുകൾക്ക് മതിയാകില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>പുതിയ മെഡിക്കൽ കോളേജുകൾക്കായി സ്പെഷ്യൽ ഓഫീസ്</u>

6525 ശ്രീ. പി. സി. വിഷ്ണുനാഥ്
,, അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനായി സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്പെഷ്യൽ ഓഫീസറുടെ ചുമതലകൾ എന്തെല്ലാം?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>തൃശൂർ മെഡിക്കൽ കോളേജിൽ കാർഡിയോളജി, ന്യൂറോളജി സർജറി വിഭാഗം</u>

6526 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ മെഡിക്കൽ കോളേജിൽ കാർഡിയോളജി, ന്യൂറോളജി വിഭാഗങ്ങളിൽ സർജറി സംവിധാനം നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വിഭാഗങ്ങളിൽ ചികിത്സയ്ക്കും ശസ്ത്രക്രിയയ്ക്കും വേണ്ടി എത്തുന്ന രോഗികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇവിടെ കാർഡിയോളജി, ന്യൂറോളജി സർജറി വകുപ്പ് അനുവദിക്കുവാൻ നടപടികൾ സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിൽ ശ്രീചിത്തിര മെഡിക്കൽ സെന്റർ</u>

6527 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
ശ്രീമതി കെ.കെ. ലതിക
ശ്രീ. സി. കൃഷ്ണൻ
,, പി.റ്റി.എ. റഹിം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാറിലെ ഹൃദ്രോഗികൾക്ക് ഏറെ ഗുണം ചെയ്യുന്ന ശ്രീ ചിത്തിര മെഡിക്കൽ സെന്റർ വയനാട് ജില്ലയിൽ എവിടെ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി എത്ര ഏക്കർ സ്ഥലം കണ്ടെത്തിയെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത മെഡിക്കൽ സെന്ററിനായി ബഡ്ജറ്റിൽ തുക വകകൊളളിച്ചിരുന്നോ;എങ്കിൽ എത്ര; ഈ സർക്കാർ ഇതിനായി എത്രകോടി രൂപ ബഡ്ജറ്റിൽ വക കൊളളിച്ചിട്ടുണ്ട്;

(ഡി) ഈ മെഡിക്കൽ സെന്ററിനായി കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ;എങ്കിൽ വിശദമാക്കാമോ;

(ഇ) ഇതിന്റെ പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>ആശുപത്രികളുടെ അപ്ഗ്രഡേഷന്‍</u>

6528 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു
,, ജോസ് തെറ്റയില്‍
,, മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ പത്ത് വര്‍ഷത്തിനുള്ളില്‍ എത്ര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കമ്മ്യൂണിറ്റി ഹെല്‍ത്ത് സെന്ററുകളായും എത്ര കമ്മ്യൂണിറ്റി ഹെല്‍ത്ത് സെന്ററുകളെ താലൂക്ക് ആശുപത്രികളായും എത്ര താലൂക്ക് ആശുപത്രികളെ ജില്ലാ ആശുപത്രികളായും ഉയര്‍ത്തിയിട്ടുണ്ട് ;

(ബി) അവ ഏതെല്ലാം ;

(സി) ഗ്രേഡ് ഉയര്‍ത്തിയതനുസരിച്ച് ഇവിടങ്ങളില്‍ ഫാര്‍മസിസ്റ്റുകളുടെ അധിക തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കില്‍ അതിന് വേണ്ടിയുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

ഡയഗ്നോസ്റ്റിക് സൗകര്യം മെച്ചപ്പെടുത്താൻ നടപടി

6529 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വക ആശുപത്രികളിലെ ഡയഗ്നോസ്റ്റിക് സംവിധാനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എത്ര കോടി രൂപയാണ് ഇതിനായി നീക്കി വെച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ താലൂക്ക് ആശുപത്രിയിലെയും മറ്റ് ആരോഗ്യകേന്ദ്രങ്ങളിലെയും ഡയഗ്നോസ്റ്റിക് സൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

തൃശൂർ മെഡിക്കൽ കോളേജിൽ ആധുനിക ഹൃദ്രോഗ ചികിത്സാ സൗകര്യം

6530

ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജിൽ ഹൃദ്രോഗവിഭാഗത്തിൽ ആൻജിയോപ്ലാസ്റ്റി, ഹാർട്ട് സർജറി തുടങ്ങിയ വിദഗ്ദ്ധ ചികിത്സാ സൗകര്യം ലഭ്യമല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹൃദ്രോഗ വിഭാഗത്തിൽ പ്രസ്തുത ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>തിരുവനന്തപുരം മെഡിക്കല്‍ കോളേജിലെ<br>കാഷ്വാലിറ്റി വിഭാഗം</u>

6531

ശ്രീ. ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവനന്തപുരം മെഡിക്കല്‍ കോളേജ് കോംപ്ലക്സിലെ ട്രാഫിക് പരിഷ്കാരം മൂലം ഗുരുതരാവസ്ഥയിലും അത്യാസന്ന നിലയിലും വാഹനത്തില്‍ കൊണ്ടുവരുന്ന രോഗികളെ കാഷ്വാലിറ്റിയില്‍ നേരിട്ട് പ്രവേശിപ്പിക്കാന്‍ കഴിയാതെ വരുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്ന പ്രസ്തുത സംവിധാനത്തിന് പരിഹാരം കണ്ടെത്തുവാനുള്ള നടപടി സ്വീകരിക്കാമോ ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>സി. ടി. സ്കാൻ സ്ഥാപിക്കുന്നതിന് നടപടി</u>

6532 ശ്രീ.എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിൽ സി. ടി. സ്കാൻ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>മെഡിക്കൽ കോളേജുകളെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളാക്കാൻ നടപടി</u>

6533 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് പുനരാരംഭിക്കാൻ ആലോചിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) മെഡിക്കൽ കോളേജുകളും റഫറൽ ആശുപത്രികളും സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളോടെ വികസിപ്പിക്കാനുള്ള മുൻ സർക്കാരിന്റെ തീരുമാനം നടപ്പിലാക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലാ ആശുപത്രി മെഡിക്കൽ കോളേജ് ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി</u>

6534 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ ആശുപത്രി മെഡിക്കൽ കോളേജ് ആശുപത്രിയായി ഉയർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ മെഡിക്കൽ കോളേജ് ആശുപത്രിയായി ഉയർത്തുന്നതിന് അടിയന്തിര നടപടിയുണ്ടാകുമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>കുന്നത്തുനാട് മണ്ഡലത്തിലെ എൻ.ആർ.എച്ച്.എം. പദ്ധതികൾ</u>

6535 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ റൂറൽ ഹെൽത്ത് മിഷൻ കഴിഞ്ഞ സാമ്പത്തിക വർഷം കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) ഈ സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി പ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം അനുമതി ലഭിച്ച് നടപ്പിലായ പദ്ധതികൾ ഏതെല്ലാമാണെന്നും അനുമതി ലഭിക്കേണ്ട പദ്ധതികൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>എൻ.ആർ.എച്ച്.എം. പദ്ധതിപ്രകാരം നിയമിതരായ ജീവനക്കാർ</u>

6536 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.എച്ച്.എം. പദ്ധതിയുടെ കാലാവധി എത്രയാണ്;

(ബി) പ്രസ്തുത പദ്ധതി അവസാനിച്ചാൽ പകരം പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നിയമിച്ച ഹോമിയോ, ആയുർവ്വേദ, അലോപ്പതി ആശുപത്രികളിലെ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരെ നിലനിർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>എൻ.ആർ.എച്ച്.എം വഴി നിയമിക്കുന്ന ജെ.പി.എച്ച്.എൻ മാരുടെ വേതനം വർദ്ധിപ്പിക്കാൻ നടപടി</u>

6537 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ എൻ.ആർ.എച്ച്.എം മുഖേന ജെ.പി.എച്ച്.എൻ മാരെ നിയമിക്കുന്നതിന്റെ മാനദണ്ഡമെന്താണെന്ന് വിശമാക്കുമോ ;

(ബി) തിരുവനന്തപുരം ജില്ല ഒഴികെ മറ്റെല്ലാ ജില്ലകളിലും ജെ.പി.എച്ച്.എൻ മാരെ നിയമിക്കുന്നത് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നാണോയെന്ന് വ്യക്തമാക്കാമോ ;

(സി) തിരുവനന്തപുരം ജില്ലയിൽ പ്രസ്തുത രീതിയിൽ നിയമിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) തിരുവനന്തപുരം ജില്ലയിലും ജെ.പി.എച്ച്.എൻ മാരെ പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) സർക്കാർ ഓഫീസുകളിലെ ദിവസ വേതനക്കാർക്ക് പ്രതിമാസം ഏകദേശം 9000/- രൂപ ലഭിക്കുമ്പോൾ, ഇപ്രകാരം നിയമിക്കപ്പെടുന്ന ജെ.പി.എച്ച്.എൻ മാർക്ക് 6680/- രൂപ മാത്രമാണ് ലഭിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ജെ.പി.എച്ച്.എൻ മാരുടെ വേതനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>എൻ.ആർ.എച്ച്.എം മുഖേന പ്രവർത്തനങ്ങൾ</u>

6538 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണാരോഗ്യ ദൗത്യത്തിന്റെ ഭാഗമായി ഈ സാമ്പത്തിക വർഷം സംസ്ഥാനത്ത് എത്ര കോടി രൂപയുടെ പദ്ധതിയാണ് ആരോഗ്യമേഖലയിൽ നടപ്പിലാക്കുന്നത് ;

(ബി) ഇതു സംബന്ധിച്ച പ്ലാൻ ഇംപ്ലിമെന്റേഷൻ പ്രോഗ്രാമിന് അംഗീകാരം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) കഴിഞ്ഞ സർക്കാറിന്റെ കാലത്ത് എൻ.ആർ.എച്ച്.എം. മുഖേന എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്നും നടപ്പിലാക്കുന്നുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

പരിരക്ഷ പദ്ധതിക്ക് എൻ.ആർ.എച്ച്.എം. സഹായം

6539 ശ്രീ. കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ തവണ മേപ്പയൂർ മണ്ഡലത്തിൽ നടപ്പാക്കിയതും ഇപ്പോൾ കുറ്റ്യാടി മണ്ഡലത്തിൽ നടപ്പിലാക്കുന്നതുമായ പരിരക്ഷ പദ്ധതിയിലൂടെ കോഴിക്കോട് ജില്ലയിലെ ഏതെല്ലാം പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് ഉപകരണങ്ങൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പരിരക്ഷ പദ്ധതിയിൻ കീഴിൽ നടപ്പാക്കാനുദ്ദേശിക്കുന്ന സമ്പൂർണ്ണ ശുചിത്വ ആരോഗ്യ പദ്ധതിക്ക് എൻ. ആർ. എച്ച്. എം ഫണ്ട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

ഭക്ഷണ സാധനങ്ങളിൽ മായം ചേർക്കൽ

6540 ശ്രീ. എം. എ. വാഹീദ്
,, ജോസഫ് വാഴക്കൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷണ സാധനങ്ങളിൽ മായം ചേർക്കൽ തടയുന്നതിന് എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത്;

(ബി) കേന്ദ്ര സർക്കാരിന്റെ 2006-ലെ ഫുഡ് സെയ്ഫ്റ്റി ആന്റ് സാനിട്ടേഷൻ ആക്ട് അനുസരിച്ച് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(സി) ഇതിന്റെ നിർവ്വഹണത്തിനായി എന്ത് തുക നീക്കിവച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>മാനസികാരോഗ്യ സംരക്ഷണം</u>

6541 ശ്രീ. കെ. മുരളീധരൻ
,, സി. പി. മുഹമ്മദ്
,, കെ. അച്ചുതൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാനസികാരോഗ്യ സംരക്ഷണം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളത്;

(ബി) മാനസികാരോഗ്യ കേന്ദ്രങ്ങളുടെ വികസനത്തിന് എന്തെല്ലാം പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്;

(സി) പ്രസ്തുത കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾക്ക് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലിന്റെ പ്രവർത്തനം

6542

ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്;

(ബി) ഈ കൗൺസിലിന്റെ ഘടന എന്താണ്;

(സി) രക്തദാനം പ്രോത്സാഹിപ്പിക്കുന്നതിന് നടത്തിവരുന്ന പ്രചാരണ പരിപാടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

രക്തബാങ്കുകളുടെ പ്രവര്‍ത്തനം ശക്തിപ്പെടുത്തുന്നതിന് നടപടികള്‍

6543 ശ്രീ. വി. റ്റി. ബല്‍റാം
,, ഹൈബി ഈഡന്‍
,, ഐ. സി. ബാലകൃഷ്ണന്‍
,, എ. റ്റി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) രക്തബാങ്കുകളുടെ പ്രവര്‍ത്തനം ശക്തമാക്കുന്നതിന് സ്വീകരിച്ചിട്ടുളള നടപടികള്‍ എന്തെല്ലാമാണ്;

(ബി) രക്തഘടകങ്ങള്‍ വേര്‍തിരിക്കല്‍ യൂണിറ്റിന്റെ നിലവാരം ഉയര്‍ത്തികൊണ്ട് രക്തബാങ്കുകളെ നവീകരിക്കുന്നതിനുളള പദ്ധതികള്‍ ആവിഷ്കരിക്കുമോ;

(സി) ഇതിനായി ആധുനിക ഉപകരണങ്ങള്‍ വാങ്ങുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>ജീവിത ശൈലി രോഗങ്ങളുടെ വ്യാപനം</u>

6544 ശ്രീ. കെ. എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെറ്റായ ആഹാരശീലമാണ് ജീവിത ശൈലി രോഗങ്ങൾ വർദ്ധിക്കുന്നതിന്റെ പ്രധാന കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(ബി) ആരോഗ്യകരമായ ആഹാരശീലം പ്രചരിപ്പിക്കുന്നതിന് മുൻകൈ എടുക്കാത്തത് എന്താണെന്നും ഇതിന്മേൽ സ്വീകരിച്ചു വരുന്ന നടപടികളും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

പ്രകൃതി ചികിത്സാലയങ്ങൾ

6545 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ എത്ര പ്രകൃതി ചികിത്സാലയങ്ങൾ പ്രവർത്തിക്കുന്നുവെന്നും അവ എവിടങ്ങളിലൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ബി) ഓരോ പ്രകൃതി ചികിത്സാലയത്തിലേയും സ്റ്റാഫ് പാറ്റേൺ എന്താണ് ;

(സി) ഈ ചികിത്സാലയങ്ങൾ വഴി എന്തൊക്കെ ചികിത്സകളാണ് നടത്തി വരുന്നത് ;

(ഡി) പ്രകൃതി ചികിത്സാലയങ്ങൾ കൂടുതൽ ആരംഭിക്കുന്നതിനും, നിലവിലുള്ളവയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

പാരമ്പര്യ ചികിത്സ

6546 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യ വൈദ്യന്മാർക്ക് എന്തെല്ലാം ചികിത്സ നടത്തുന്നതിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത് ;

(ബി) ഇവരുടെ ചികിത്സായോഗ്യത നിശ്ചയിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

വിദ്യാര്‍ത്ഥികള്‍ക്കിടയിലെ ലഹരി

6547 ശ്രീ. പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്കൂള്‍ വിദ്യാര്‍ത്ഥികള്‍ പുകയില ഉല്പന്നങ്ങള്‍ ഉപയോഗിക്കുന്നതുമൂലമുണ്ടാകുന്ന ശാരീരിക, മാനസിക പ്രശ്നങ്ങള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) അത്തരം പ്രശ്നങ്ങളുള്ള വിദ്യാര്‍ത്ഥികളെ കണ്ടെത്തുന്നതിനും പ്രശ്നപരിഹാരത്തിനുമായി സര്‍ക്കാര്‍ ആശുപത്രികളിലെ ആരോഗ്യപ്രവര്‍ത്തകര്‍ക്ക് നിര്‍ദ്ദേശം നല്‍കിയിട്ടുണ്ടോ .

(സി) ലഹരി വിരുദ്ധ പ്രവര്‍ത്തനത്തിന്റെ ഭാഗമായി കായിക പരിശോധന നടത്തുന്നതിനും സ്കൂള്‍ പരിസരത്തെ കടകള്‍ റെയ്ഡ് ചെയ്യുന്നതിനും ആരോഗ്യപ്രവര്‍ത്തകര്‍ക്ക് അധികാരവും ചുമതലയും നല്‍കാമോ എന്നു വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>മൊബൈൽ ടവറുകൾ ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ</u>

6548 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൊബൈൽ ടവറുകൾ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുവെന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം നിയമിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ആരോഗ്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിഷയം ഗൗരവമായി പരിശോധന നടത്താൻ നടപടി സ്വീകരിക്കുമോ;

(ബി) കേരളത്തിലുള്ള മൊബൈൽ ടവറുകളെ സംബന്ധിച്ച് പ്രസ്തുത റിപ്പോർട്ടിൽ പരാമർശമുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ അഭാവം

6549 ശ്രീ. ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പ്രധാനപ്പെട്ട ഗവൺമെന്റ് ഹോസ്പിറ്റലുകളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ അഭാവം രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) എറണാകുളം ജില്ല ഹോസ്പിറ്റലിലെ കാൻസർ വാർഡിലെയും മറ്റും ആധുനിക ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാൻ സാങ്കേതിക പരിജ്ഞാനമുള്ള ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>ഓഡിയോളജിസ്റ്റ് തസ്തിക</u>

6550 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം സർക്കാർ ആശുപത്രികളിലാണ് ഇ. എൻ. ടി. വിഭാഗങ്ങളിൽ ഓഡിയോളജിസ്റ്റിന്റെ തസ്തിക നിലവിലുളളതെന്ന് വ്യക്തമാക്കാമോ;

(ബി) താലൂക്ക് ആശുപത്രികളിൽ ഓഡിയോളജിസ്റ്റിന്റെ തസ്തിക നിലവിലുണ്ടോ; ഇല്ലെങ്കിൽ താലൂക്ക് ആശുപത്രികളിൽ പ്രസ്തുത തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ നിന്ന് വർഷംതോറും ബി. എ. എസ്. എൽ. പി., എം. എ. എസ്. എൽ. പി. എന്നിവ കഴിഞ്ഞിറങ്ങുന്ന 100 ലധികം വിദ്യാർത്ഥികൾക്ക് ജോലി സാദ്ധ്യത ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>തൃശൂർ മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ ഒഴിവുകൾ</u>

6551 ശ്രീ. ബാബു.എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ-മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജിൽ ഏതൊക്കെ വിഭാഗങ്ങളിൽ എത്ര ഡോക്ടർമാരുടെ തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്;

(ബി) തൃശൂർ മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടേത് ഉൾപ്പെടെയുള്ള ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടി എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് ഡെപ്യൂട്ടേഷൻ</u>

6552 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1, ഗ്രേഡ് 2 എന്നീ തസ്തികകളിൽ ജോലി ചെയ്തുവരുന്ന എത്ര ഉദ്യോഗസ്ഥർക്ക് ബീവറേജ് കോർപ്പറേഷനിലേക്ക് ഡപ്യൂട്ടേഷൻ നൽകിയിട്ടുണ്ടെന്നറിയിക്കുമോ;

(ബി) പകർച്ചവ്യാധികളും ആരോഗ്യപ്രശ്നങ്ങളും സംസ്ഥാനത്ത് വ്യാപകമായിക്കൊണ്ടിരിക്കുന്ന അവസരത്തിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്ക് ഡെപ്യൂട്ടേഷൻ നൽകിയ നടപടി ശരിയാണെന്ന് കരുതുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത്തരത്തിൽ ഡെപ്യൂട്ടേഷനിൽ പോയ ജീവനക്കാരെ തിരികെ വിളിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് നിയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>ഇരട്ടനിയന്ത്രണം ഒഴിവാക്കൽ</u>

6553

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇരട്ടനിയന്ത്രണം ഒഴിവാക്കൽ ചട്ടപ്രകാരം എത്ര ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരാണ് ഓപ്ഷൻ നൽകിയത്; ലിസ്റ്റ് സഹിതം വിശദാംശം വ്യക്തമാക്കുമോ;

(ബി) ഡി.എം.ഇ. - യുടെ കീഴിലെ എത്ര തസ്തികകളിലാണ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഓപ്ഷൻ ക്ഷണിച്ചത്; എത്ര തസ്തികകളിൽ നിയമനം നടത്തി; ഓപ്ഷൻ നൽകിയ എല്ലാ തസ്തികകളിലും നിയമനം നടത്താൻ കഴിഞ്ഞോ; ഇല്ലെങ്കിൽ പൂർണ്ണവിവരം വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജിലേയ്ക്ക് ഓപ്ഷൻ നല്കിയവർ ആരൊക്കെ; ആരെയാണ് പ്രസ്തുത സ്ഥാപനത്തിൽ നിയമിച്ചത്; നിയമനം ലഭിച്ചവരേക്കാൾ ഉയർന്ന സീനിയോറിറ്റി ഉള്ള ആരൊക്കെ ഒഴിവാക്കപ്പെട്ടു; പൂർണ്ണവിവരം വ്യക്തമാക്കുമോ;

(ഡി) ഓപ്ഷൻ നൽകിയവരിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇരട്ടനിയന്ത്രണം ഒഴിവാക്കൽ ചട്ടപ്രകാരം സീനിയോറിറ്റി ഉള്ള വ്യക്തി ആരാണ്; പ്രസ്തുത വ്യക്തിയെ നിയമിക്കണമെന്നാവശ്യപ്പെട്ട് ഡയറക്ടർ, വകുപ്പുസെക്രട്ടറി എന്നിവർക്കു നൽകിയ അപേക്ഷയിൽ വകുപ്പ് എന്തു നടപടി സ്വീകരിച്ചു; പൂർണ്ണവിവരം വ്യക്തമാക്കുമോ;

(ഇ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അനർഹമായി നിയമിതനായ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറെ ഒഴിവാക്കി സീനിയറായ ആളെ അടിയന്തിരമായി നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) അർഹനായ സീനിയറിനെ ഒഴിവാക്കി ജൂനിയറിനെ നിയമിക്കാൻ നടപടി എടുത്ത ജീവനക്കാർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>ഫിസിയോതെറാപ്പിസ്റ്റ് തസ്തികകൾ</u>

6554 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി, വയനാട്, പത്തനംതിട്ട എന്നിവിടങ്ങളിലെ സർക്കാർ ആശുപത്രികളിൽ ഫിസിയോതെറാപ്പിസ്റ്റുമാരുടെ തസ്തിക നിലവിലില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ജില്ലകളിലെ ജില്ലാ/ജനറൽ ആശുപത്രികളിൽ ഫിസിയോതെറാപ്പിസ്റ്റ് തസ്തികകൾ സൃഷ്ടിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

## ജൂനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I,II തസ്തികകളിലെ അനുപാതം

6555 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ഗ്രേഡ് I തസ്തികകളിലെ നിലവിലുള്ള അനുപാതം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അനുപാതം തുടരുന്നതുമൂലം ജെ.എച്ച്.ഐ. ഗ്രേഡ് II തസ്തികയിലുള്ളവർക്ക് യഥാസമയം പ്രൊമോഷൻ ലഭിക്കുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ;

(സി) എട്ടു വർഷത്തിലേറെയായി ജെ.എച്ച്.ഐ. ഗ്രേഡ് II തസ്തികയിൽ ഒരേ ജില്ലയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

ഒഫ്താൽമിക് അസിസ്റ്റന്റിന്റെ തസ്തിക

6556 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യവകുപ്പിന്റെ കീഴിൽ ഒഫ്താൽമിക് അസിസ്റ്റന്റിന്റെ എത്ര അനുവദനീയ തസ്തികകളാണ് ഉളളത്;

(ബി) പ്രസ്തുത തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി പി.എസ്.സി നിയമനം നടത്തുമോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

ഡോക്ടർമാരുടെ ഒഴിവുകൾ

6557 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.എച്ച്.എം.പദ്ധതിയിൻ പ്രകാരം ആരംഭിച്ച ആശുപത്രികളിൽ വിവിധ വിഭാഗങ്ങളിലായി ഡോക്ടർമാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകളിലേക്ക് ഇന്റർവ്യൂ നടത്തിയിട്ടും നിയമനം നടത്താത്ത സാഹചര്യം നിലവിലുണ്ടോ ;

(സി) എങ്കിൽ നിയമനം നടത്തുവാൻ നടപടി സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>എൻ.ആർ.എച്ച്.എം. നിയമനങ്ങൾ</u>

6558 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എൻ.ആർ.എച്ച്. എം. പദ്ധതി പ്രകാരം വേണ്ടത്ര നോട്ടിഫിക്കേഷൻ നൽകാതെ പിൻവാതിൽ നിയമനങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം നടത്തിയിട്ടുള്ള നിയമനങ്ങളുടെ നോട്ടിഫിക്കേഷന്റെ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ഏതെല്ലാം തസ്തികകളിലാണ് അപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണോ പ്രസ്തുത നിയമനങ്ങൾ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>നെയ്യാറ്റിൻകര ജില്ലാ ആശുപത്രിയിലെ നിയമനം</u>

6559 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജില്ലാ ആശുപത്രിയിൽ ഏതെങ്കിലും തസ്തികയിൽ ജോലി നോക്കുന്നവർ ദീർഘനാളായി അവധിയിൽ പ്രവേശിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തസ്തിക തിരിച്ച് വിവരം ലഭ്യമാക്കുമോ;

(ബി) ദീർഘകാല അവധിയിൽ പ്രവേശിച്ചിരിക്കുന്ന ഡോക്ടർമാരുടെ ഒഴിവിൽ നിയമനം നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത ആശുപത്രിയിൽ ദീർഘനാളായി അവധിയിൽ പോയിരിക്കുന്ന തസ്തികകളിൽ ജീവനക്കാരെ അടിയന്തിരമായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>ശ്രീ. സുരേഷിന്റെ തസ്തികമാറ്റത്തിനുള്ള അപേക്ഷ</u>

6560 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം താലൂക്ക് ആശുപത്രിയിലെ യു. ഡി. ടൈപ്പിസ്റ്റായ ശ്രീ. സുരേഷ് ക്ലറിക്കൽ തസ്തികയിലേക്ക് മാറ്റത്തിനായി ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നോ ;

(ബി) എങ്കിൽ ഈ ആവശ്യത്തിൻമേൽ ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നു വ്യക്തമാക്കാമോ ;

(സി) ഇപ്രകാരം മാറ്റം ലഭിക്കുന്നതിനുവേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെയെന്നു വ്യക്തമാക്കാമോ ;

(ഡി) ശ്രീ. സുരേഷ് തസ്തിക മാറ്റത്തിന് അർഹനാണോ ;

(ഇ) എങ്കിൽ ടിയാന് ക്ലറിക്കൽ തസ്തികയിലേക്ക് എത്രയും പെട്ടെന്ന് മാറ്റം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

ജൂനിയര്‍ ഹെല്‍ത്ത് ഇന്‍സ്പെക്ടര്‍ ഗ്രേഡ് II തസ്തിക

6561 ശ്രീ. തോമസ് ഉണ്ണിയാടന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആരോഗ്യ വകുപ്പില്‍ ജൂനിയര്‍ ഹെല്‍ത്ത് ഇന്‍സ്പെക്ടര്‍ ഗ്രേഡ് II തസ്തികയിലേക്ക് നിലവിലുള്ള റാങ്ക് പട്ടികയില്‍ നിന്നും നിയമനം നടത്തുന്നതിനുള്ള നടപടി ക്രമങ്ങള്‍ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ ;

(ബി) ജൂനിയര്‍ ഹെല്‍ത്ത് ഇന്‍സ്പെക്ടര്‍ ഗ്രേഡ് II ന്റെ പുതിയ തസ്തിക രൂപീകരണ നടപടികള്‍ എവിടെവരെയായി ;

(സി) നിലവില്‍ 25000 പേര്‍ക്ക് ഒരു ജെ.എച്ച്.ഐ. എന്നത് 5000 ത്തിന് ഒന്ന് എന്ന അനുപാതത്തില്‍ പുന: ക്രമീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ജൂനിയര്‍ ഹെല്‍ത്ത് ഇന്‍സ്പെക്ടര്‍ ഗ്രേഡ് I ന്റെയും II ന്റെയും പ്രൊമോഷന്‍ നടക്കാത്തത് മൂലം ഉദ്യോഗാര്‍ത്ഥികളുടെ അവസരം നഷ്ടപ്പെടുന്നതും ആരോഗ്യരംഗം താറുമാറാകുന്നതും തടയാന്‍ എന്തൊക്കെ നടപടികള്‍ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>കണ്ണൂര്‍ ജില്ലയിലെ സ്റ്റാഫ് നേഴ്സുമാരുടെ പോസ്റ്റ് ഷിഫ്റ്റിംഗ്</u>

6562 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ ജില്ലയിലെ സ്റ്റാഫ് നേഴ്സുമാരുടെ 11 പോസ്റ്റുകള്‍ കൊല്ലം ജില്ലയിലേക്കു ഷിഫ്റ്റ് ചെയ്തിട്ടുണ്ടോ;

(ബി) എങ്കില്‍ ഇതിനിടയാക്കിയ സാഹചര്യം വ്യക്തമാക്കാമോ;

(സി) ഇതിനുമുമ്പ് 65 തസ്തിക കണ്ണൂര്‍ ജില്ലയില്‍ നിന്നും മറ്റു ജില്ലകളിലേക്കു ഷിഫ്റ്റ് ചെയ്തിട്ടുണ്ടോ;

(ഡി) ഇത്രയും സ്റ്റാഫ് നേഴ്സുമാരുടെ തസ്തിക ഷിഫ്റ്റു ചെയ്യുമ്പോള്‍ സ്വാഭാവികമായും കണ്ണൂര്‍ ജില്ലയില്‍ ഉണ്ടാകാവുന്ന ബുദ്ധിമുട്ട് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കില്‍ ഷിഫ്റ്റ് ചെയ്ത തസ്തികകള്‍ അടിയന്തിരമായി പുന:സ്ഥാപിക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

ലൈറ്റ് ഡ്യൂട്ടി വാഹനങ്ങളിലെ ഡ്രൈവർ നിയമനം

6563 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾ എത്ര എണ്ണമുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വാഹനങ്ങൾക്ക് എത്ര ഡൈവർമാരാണുള്ളത് ;

(സി) പ്രസ്തുത വാഹനങ്ങൾക്ക് ലൈറ്റ് ഡ്യൂട്ടി വെഹിക്കിൾ ലൈസൻസുള്ള ഡ്രൈവർമാരെ നിയമിക്കുന്നതിനു പകരം ഹെവി ഡ്യൂട്ടി ലൈസൻസുള്ളവരെയാണ് നിയമിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(ഇ) മോട്ടോർ വാഹനവകുപ്പ് ചട്ടങ്ങൾപ്രകാരം പ്രസ്തുത നടപടി ശരിയാണോ;

(എഫ്) പ്രസ്തുത നടപടി മൂലം പി.എസ്.സി. ലൈറ്റ് മോട്ടോർ വെഹിക്കിൾ ഡ്രൈവർമാർക്ക് വേണ്ടി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽപെട്ടവർക്ക് അവസരം നിഷേധിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) അതു സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(എച്ച്) എങ്കിൽ അതിന്മേൽ സ്വീകരിച്ച് നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

ഫാർമസിസ്റ്റ് ഗ്രേഡ് - 2 തസ്തിക

6564

ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭാരതീയ ചികിത്സാ വകുപ്പിൽ (ഐ.എസ്.എം) കാസർഗോഡ് ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ് - II വിന്റെ എത്ര ഒഴിവുകൾ ഉണ്ട്;

(ബി) പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) 2011 ജൂലായ് സെപ്റ്റംബർ മാസങ്ങളിൽ റിട്ടയർ ചെയ്യേണ്ടവരുടെ രണ്ട് സൂപ്പർന്യൂമററി തസ്തികകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) പ്രസ്തുത രണ്ട് ഒഴിവുകളിലും നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും അടിയന്തിരമായി ഫാർമസിസ്റ്റ് ഗ്രേഡ് - II നെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>ദേശീയ അന്ധതാ നിയന്ത്രണ പദ്ധതി</u>

6565 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നേത്രരോഗവിഭാഗം ഇല്ലാത്ത താലൂക്ക് ആശുപത്രികൾഏതൊക്കെയാണ്;

(ബി) പ്രസ്തുത ആശുപത്രികളിൽ നേത്രരോഗവിഭാഗം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ദേശീയ അന്ധതാ നിയന്ത്രണ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലും പ്രസ്തുത തസ്തിക ഇല്ലാത്ത ആശുപത്രികളിലും ഒപ്റ്റോമെട്രിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

## സർവ്വീസിൽ നിന്നും പുറത്താക്കപ്പെട്ടവർക്ക് പുനർ നിയമനം

6566 ശ്രീ. എം. ഹംസ
,, വി. ചെന്താമരാക്ഷൻ
,, കെ.കെ. നാരായണൻ
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.യുടെ ചട്ടം ലംഘിച്ച് ആരോഗ്യവകുപ്പിൽ നിയമനം നേടിയതിന്റെ പേരിൽ വകുപ്പ് പുനർ നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ എപ്പോൾ; ആർക്കെല്ലാം;

(ബി) അവർ സർവ്വീസിൽ നിന്നും പുറത്താക്കപ്പെട്ടതിനെ തുടർന്ന് ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ടായിരുന്നുവോ; അതിൻമേൽ കോടതിവിധി എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

**ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് (ഗ്രേഡ് II) തസ്തികയിലെ ഒഴിവുകൾ**

6567 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ വർഷം സൂപ്പർ ന്യൂമററി തസ്തിക ഉൾപ്പെടെ എത്ര ഒഴിവുകൾ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് (ഗ്രേഡ് II ) തസ്തികയിൽ നിലവിലുണ്ട്; അവ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനം</u>

6568 ശ്രീ.കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി വൈക്കം താലൂക്കിലും കോട്ടയം ജില്ലയിലും ഏറ്റവും നല്ല പ്രവർത്തനം നടത്തിയ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന അടിസ്ഥാനത്തിലും ജില്ലാ അടിസ്ഥാനത്തിലും പ്രവർത്തനം നടത്തുന്ന ആരോഗ്യകേന്ദ്രങ്ങളേയും അതിനു നേതൃത്വം നൽകുന്ന ഉദ്യോഗസ്ഥരെയും 'ഗുഡ്സ്' സർവ്വീസ് എൻട്രി , കാഷ് അവാർഡ് പോലുള്ള അംഗീകാരം എന്നിവ നൽകി ആദരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്ക് താത്കാലിക ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ടോ; എങ്കിൽ വൈക്കം മണ്ഡലത്തിലെ ഓരോ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലും എത്രവീതം ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്ക് സംസ്ഥാനത്ത് ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

ചെറുകാവ് ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിക്ക് കെട്ടിടം

6569 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറുംവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ചെറുകാവ് ഗ്രാമപഞ്ചായത്തിലെ ആയുർവേദ ഡിസ്പെൻസറിക്ക് കെട്ടിടം പണിയുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പഞ്ചായത്ത് ലഭ്യമാക്കിയ സ്ഥലത്ത് പ്രസ്തുത ആയൂർവേദ ഡിസ്പെൻസറിക്ക് കെട്ടിടം പണിയുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>ആയുർവേദ ആശുപത്രികളിൽ മരുന്നു നൽകുന്ന ഏജൻസി</u>

6570 ശ്രീ.വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആയുർവേദ ആശുപത്രികളിൽ ആവശ്യമായ മരുന്നുകൾ ഏത് ഏജൻസി മുഖേനയാണ് ലഭ്യമാക്കുന്നത് ;

(ബി) സംസ്ഥാനത്തിന് പുറത്തുനിന്ന് മരുന്ന് ഇറക്കുമതി ചെയ്യുന്നുണ്ടോ ;

(സി) പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന ആയുർവേദ ഡിസ്പെൻസറികളിലേക്ക് ഏതെല്ലാം മരുന്നുകളാണ് സർക്കാർ അനുവദിച്ചിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

ആയുർവ്വേദം, ഹോമിയോ ആശുപത്രികളിലെ ഡോക്ടർമാർ

6571 ശ്രീ. ഇ.ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ സർക്കാർ ആയുർവ്വേദം, ഹോമിയോ ആശുപത്രികളിൽ ദിവസവേതനാടിസ്ഥാനത്തിൽ എത്ര ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ട് ;

(ബി) പ്രസ്തുത വിഭാഗത്തിലെ ഡോക്ടർമാരുടെ നിയമനത്തിന് പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ലിസ്റ്റിൽ നിന്നും ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

ഇട്ടി അച്യുതന്‍ സ്മാരക ഗവണ്‍മെന്റ് ആയുര്‍വ്വേദ ആശുപത്രി

6572 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചേര്‍ത്തല ഇട്ടി അച്യുതന്‍ സ്മാരക ഗവണ്‍മെന്റ് ആയുര്‍വ്വേദ ആശുപത്രിക്ക് സൗകര്യങ്ങള്‍ വളരെക്കുറവാണെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) നിരവധി രോഗികള്‍ പ്രതിദിനം ചികിത്സയ്ക്കെത്തുന്ന പ്രസ്തുത ആശുപത്രിയില്‍ കൂടുതല്‍ ഡോക്ടര്‍മാരെയും മറ്റ് ജീവനക്കാരെയും നിയമിക്കുവാനും സൗകര്യങ്ങള്‍ വര്‍ദ്ധിപ്പിക്കുവാനും നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ആശുപത്രിയില്‍ കൂടുതല്‍ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുവേണ്ട സംവിധാനങ്ങള്‍ ഉണ്ടാക്കുമോ;

(ഡി) ഇട്ടി അച്യുതന്‍ വൈദ്യരുടെ സ്മരണ നിലനിര്‍ത്തും വിധം ചേര്‍ത്തല ഇട്ടി അച്യുതന്‍ സ്മാരക ഗവണ്‍മെന്റ് ആയുര്‍വ്വേദ ആശുപത്രിയെ ഉന്നത നിലവാരത്തിലേയ്ക്കുയര്‍ത്തുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

ഭാരതീയ ചികിത്സാ വകുപ്പിലെ ഒഴിവുകൾ

6573 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭാരതീയ ചികിത്സാ വകുപ്പിൽ ആയുർവ്വേദതെറാപ്പിസ്റ്റ്, നഴ്സിംഗ് അസിസ്റ്റന്റ്, അറ്റൻഡർ എന്നീ വിഭാഗങ്ങളിൽ അനുവദനീയമായ തസ്തികകളെത്ര; ഓരോ തസ്തികയിലും ഇപ്പോൾ ജോലി ചെയ്യുന്നവർ എത്ര; ഓരോ തസ്തികയിലും നിലവിലുള്ള ഒഴിവുകളെത്ര; ഈ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ;

(ബി) ഈ തസ്തികകളിലെ നിയമനരീതി, യോഗ്യത എന്നിവ വ്യക്തമാക്കുമോ;

(സി) ഈ തസ്തികകളിൽ ദിവസവേതന അടിസ്ഥാനത്തിൽ എത്ര പേർ ജോലി ചെയ്യുന്നുവെന്നും എത്ര കാലമായി ജോലി ചെയ്യുന്നുവെന്നും വ്യക്തമാക്കുമോ; ഇവരുടെ ദിവസ വേതനം എത്ര രൂപയാണ്; സർക്കാർ നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ ദിവസവേതനം എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഭാരതീയ ചികിത്സാ വകുപ്പിൽ ദിവസവേതനത്തിൽ ജോലി നോക്കുന്ന ആയുർവ്വേദ തെറാപ്പിസ്റ്റ്, നഴ്സിംഗ് അസിസ്റ്റന്റ്, അറ്റൻഡർ തസ്തികകളിലെ കുറഞ്ഞ ദിവസ വേതനം 300 രൂപയായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

മെഡിക്കല്‍ കോളേജിലെ സംവരണ സീറ്റുകള്‍

6574 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ മെഡിക്കല്‍ കോളേജുകളില്‍ 2010 അദ്ധ്യയന വര്‍ഷത്തിലേക്ക് ആകെ എത്ര സീറ്റുകള്‍ പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികള്‍ക്കായി നീക്കിവച്ചിരുന്നു; അതില്‍ എത്ര പേര്‍ക്ക് പ്രവേശനം ലഭിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) സര്‍ക്കാര്‍ മെഡിക്കല്‍ കോളേജുകളില്‍ 2011 അദ്ധ്യയന വര്‍ഷത്തിലേക്ക് ആകെ എത്ര സീറ്റുകള്‍ പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികള്‍ക്കായി നീക്കിവച്ചിരുന്നു; അതില്‍ എത്ര പേര്‍ക്ക് പ്രവേശനം ലഭിച്ചു എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

നേഴ്സിംഗ് പരീക്ഷകൾ

6575 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ബി.എസ്.സി. നേഴ്സിംഗ് കോഴ്സുകളുടെ ഒന്നും, രണ്ടും, മൂന്നും വർഷ പരീക്ഷകൾ നടത്തുന്നതിൽ സംഭവിക്കുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ ;

(ബി) ഇതുമൂലം വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഈ പരീക്ഷകൾ യഥാസമയം നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>ഗുണനിലവാരമില്ലാത്ത മരുന്നുകൾ</u>

6576 ശ്രീ. കെ.വി വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുണമേന്മയില്ലാത്ത മരുന്നുകൾ കേരളത്തിൽ വിൽക്കപ്പെടുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചതും സ്വീകരിക്കാനിരിക്കുന്നതുമായ നടപടികൾ വിശദീകരിക്കുമോ;

(സി) ഡബ്ള്യു.എച്ച്.ഒ യുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന മരുന്നുകൾ ഉല്പാദിപ്പിക്കുന്ന മരുന്നു കമ്പനികൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും ഇനിയും സ്വീകരിയ്ക്കാനിരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും വിശദീകരിക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>മരുന്നു നയം</u>

6577 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരുന്ന് നയത്തിന് രൂപം കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) മരുന്നു കമ്പനികളുടെ പകൽക്കൊള്ള അവസാനിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

ജീവൻരക്ഷാ മരുന്നുകൾ

6578 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള അവശ്യ മരുന്നുകൾ ന്യായ വിലക്ക് ലഭ്യമാക്കാൻ കൈകൊണ്ട നടപടികൾ എന്തൊക്കെ എന്നു വ്യക്തമാക്കുമോ;

(ബി) സർക്കാർ വിൽപനശാലകൾ വഴി ഇത്തരം മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുമോ;

(സി) മരുന്നു സംഭരണത്തിന്റെയും വിതരണത്തിന്റെയും ചുമതല പൂർണമായും മെഡിക്കൽ സർവ്വീസ് കോർപ്പറേഷനെ ഏൽപ്പിക്കുമോ;

(ഡി) എങ്കിൽ കമ്പനികൾക്കും ഉപഭോക്താവിനും ഇടയിൽ ഉള്ള സി ആന്റ് എഫ് ഏജന്റ്, സൂപ്പർ സ്റ്റോക്കിസ്റ്റ്, സ്റ്റോക്കിസ്റ്റ്, ഹോൾസെയിൽ ഡീലർ, റീടെയിൽ ഡീലർ എന്നിവർ ഒഴിവാക്കപ്പെടുന്ന സാഹചര്യം ഉണ്ടാകുമോ;

(ഇ) എങ്കിൽ ഉൽപ്പാദിപ്പിക്കുന്ന വിലയ്ക്ക് തന്നെ ഉപഭോക്താവിന് ലഭ്യമാകുന്ന സാഹചര്യം ഉണ്ടാകുമോ;

(എഫ്) പ്രസ്തുത സാഹചര്യത്തിൽ നിലവിലുള്ള വിലയുടെ അമ്പത് ശതമാനത്തോളം കുറവ് ഉപഭോക്താക്കൾക്ക് പ്രതീക്ഷിക്കാനാകുമോ;

(ജി) പ്രസ്തുത സംവിധാനത്തിനെതിരെ ഉയർന്നുവരാൻ ഇടയുള്ള വെല്ലുവിളികളെ അതിജീവിക്കാൻ ആവശ്യമായ കരുതൽ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>ഇന്ത്യൻ ഫാർമസിസ്റ്റ് ആക്ട് പ്രകാരമുള്ള മരുന്ന് വിതരണം</u>

6579 ശ്രീ. മാത്യു ടി. തോമസ്
,, ജോസ് തെറ്റയിൽ
,, സി.കെ. നാണു
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1949 ലെ ഇന്ത്യൻ ഫാർമസിസ്റ്റ് ആക്ട് സെക്ഷൻ 42 അനുസരിച്ച് സർക്കാർ ആശുപത്രികളിൽ മരുന്ന് വിതരണം ചെയ്യുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിബന്ധനകൾ അനുസരിച്ചാണോ സർക്കാർ ആശുപത്രികളിൽ മരുന്ന് വിതരണം നടക്കുന്നത് എന്ന് ഉറപ്പ് വരുത്താൻ എന്തു സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന വാങ്ങുന്ന മരുന്ന്</u>

6580 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന എത്ര രൂപയ്ക്ക് മരുന്ന് വാങ്ങി എന്ന വിവരം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേനയല്ലാതെ മരുന്ന് വാങ്ങിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

മെഡിക്കല്‍ സര്‍വ്വീസ് കോര്‍പ്പറേഷന്‍ മുഖേനയുള്ള
മരുന്നു സംഭരണം

6581 ശ്രീ. ഇ.പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2011 ജൂണ്‍ ഒന്നിനുശേഷം മെഡിക്കല്‍ സര്‍വ്വീസ് കോര്‍പ്പറേഷന്‍ മുഖേന എത്ര തുകയുടെ മരുന്നുകള്‍ സംഭരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കാലയളവില്‍ ആശുപത്രികളില്‍ നിന്നും മെഡിക്കല്‍ കോളേജുകളില്‍ നിന്നും എത്ര തുകയുടെ മരുന്നുകളുടെ ഇന്റന്‍ഡാണ് കേരള മെഡിക്കല്‍ സര്‍വ്വീസ് കോര്‍പ്പറേഷന് ലഭിച്ചതെന്നു വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കാലയളവില്‍ മെഡിക്കല്‍ കോളേജുകളിലെ എച്ച്.ഡി.എസുകള്‍ മുഖേനയും ജില്ലാ-ജനറല്‍ ആശുപത്രികള്‍, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികള്‍ എന്നിവയിലെ എച്ച്.ഡി.എസുകള്‍ മുഖേനയും എത്ര തുകയുടെ മരുന്നുകള്‍ വാങ്ങിയിട്ടുണ്ടെന്നുള്ള ആശുപത്രി തിരിച്ചുള്ള വിവരങ്ങള്‍ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

## ഫാർമസിസ്റ്റ് തസ്തിക

6582 ശ്രീ. സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1961 ൽ അംഗീകരിച്ചിട്ടുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ച് എല്ലാ സർക്കാർ ആശുപത്രികളിലും ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഏതൊക്കെ ആശുപത്രികളിൽ അപ്രകാരം തസ്തിക സൃഷ്ടിച്ചിട്ടുണ്ടെന്നും ഏതൊക്കെ ആശുപത്രികളിൽ സൃഷ്ടിച്ചിട്ടില്ലെന്നും വ്യക്തമാക്കാമോ;

(സി) എല്ലാ സർക്കാർ ആശുപത്രികളിലും സ്റ്റാഫ് പാറ്റേൺ പ്രകാരം ഫാർമസിസ്റ്റ് തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>കയർ മേഖലയുടെ സമഗ്ര വികസനം</u>

6583 ശ്രീ. കെ. അച്ചുതൻ
,, കെ. മുരളീധരൻ
,, റ്റി. എൻ. പ്രതാപൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയുടെ സമഗ്ര വികസനത്തിനായി വിപണി ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള കർമ്മ പരിപാടികൾ എന്തെല്ലാമാണ്;

(ബി) വിപണി ശക്തിപ്പെടുത്തുന്നതിന് എല്ലാ നഗരങ്ങളിലും ഷോറൂമുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) ദേശീയ-അന്തർദേശീയ പ്രദർശനങ്ങളിൽ കയറുൽപ്പന്നങ്ങളുടെ സവിശേഷതകൾ പ്രചരിപ്പിക്കുവാനുള്ള സംവിധാനങ്ങൾക്ക് രൂപം നൽകുമോ;

(ഡി) ഈ മേഖലയിൽ അവർഡുകൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>ഹോംകോയുടെ ഘടന</u>

6584 ശ്രീ. പി.ബി. അബ്ദുൾ റസാക്
,, മഞ്ഞളാംകുഴി അലി
,, എം. ഉമ്മർ
,, വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളസ്റ്റേറ്റ് ഹോമിയോ സഹകരണ ഫാർമസി (ഹോംകോ) യുടെ ഘടന വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ ഉൽപ്പന്നങ്ങളുടെ ഗുണമേൻമ ഉറപ്പു വരുത്തുവാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ; ജർമ്മൻ നിർമ്മിത ഹോമിയോ മരുന്നുകളുടെഗുണനിലവാരം ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ ഉൽപാദിപ്പിക്കുന്ന മരുന്നുകളുടെ വിതരണരീതി വിശദമാക്കാമോ;

(ഡി) ഡിമാന്റനുസരിച്ച് മരുന്നു നൽകാൻ ഹോംകോയ്ക്കു സാധിക്കുന്നുണ്ടോ; മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഓർഡർ ലഭിക്കാറുണ്ടോ; വിശദവിവരം നൽകാമോ;

(ഇ) പ്രതിവർഷ ശരാശരി വിറ്റുവരവ് എത്രയെന്നും, ലാഭശതമാനം എത്രയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

ഡ്രഗ്സ് കൺട്രോൾ വിഭാഗം

6585 ശ്രീ. മഞ്ഞളാംകുഴി അലി
,, വി.എം. ഉമ്മർ മാസ്റ്റർ
,, പി.ബി. അബ്ദുൾ റസാക്
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനത്തിന് നിലവിലുള്ള ടെസ്റ്റിംഗ് സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; ഇതിനായി സ്ഥാപിച്ചിട്ടുള്ള ലബോറട്ടറികളെ സംബന്ധിച്ച വിശദ വിവരം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ലാബുകൾക്ക് പ്രതിവർഷം എത്ര സാമ്പിളുകൾ പരിശോധിക്കാനാവുമെന്ന് വെളിപ്പെടുത്തുമോ;

(സി) വ്യാജമരുന്നുകൾ, ഗുണനിലവാരമില്ലാത്തവ, കെമിക്കൽ കണ്ടന്റ് നിശ്ചിത നിലവാരത്തിലും കുറഞ്ഞവ എന്നിവ സംബന്ധിച്ച് കഴിഞ്ഞ വർഷം പരിശോധിച്ച സാമ്പിളുകളുടെ സ്ഥിതിവിവരം ഏതു വിധത്തിലായിരുന്നു എന്ന് വിശദമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച് സ്വീകരിച്ച ശിക്ഷാനടപടികളുടെ വിശദ വിവരം നൽകാമോ;

(ഇ) ആയുർവേദ, ഹോമിയോ മരുന്നുകളുടെ പരിശോധനയ്ക്ക് ഡ്രഗ്സ് കൺട്രോളർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

നഴ്സിംഗ് പരിശീലനാർത്ഥമുള്ള വിസിറ്റ്

6586 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗീകൃത സ്വകാര്യ നഴ്സിംഗ് സ്ഥാപനങ്ങളിൽ ബി. എസ്. സി., ജി. എൻ. എം. കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പരിശീലനാർത്ഥം സർക്കാർ ആശുപത്രികളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും വിസിറ്റ് നടത്തുന്നതിനുള്ള അനുമതി നല്കിയിരുന്നുവോ; എങ്കിൽ എന്നുമുതലാണ് നടപ്പിൽ വരുത്തിയത് എന്ന് വ്യക്തമാക്കുമോ;

(ബി) അപ്രകാരം പരിശീലനത്തിന്റെ ഭാഗമായി വിസിറ്റ് നടത്തുന്നതിന് ഓരോ കോഴ്സിനും പ്രത്യേക ഫീസ് ഈടാക്കുന്നുണ്ടോ; എങ്കിൽ എത്ര തുക വീതമാണ്; അത് സംബന്ധിച്ച് ഉത്തരവ് ഉണ്ടെങ്കിൽ ആയതിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ;

(സി) നാലുവർഷത്തെ കോഴ്സിന് വർഷത്തിൽ എത്ര തവണ വിസിറ്റ് നടത്തുന്നതിനാണ് അനുമതി ഉള്ളത്;

(ഡി) പഠിതാക്കൾ ഓരോ വർഷവും നടത്തുന്ന വിസിറ്റിന്റെ അടിസ്ഥാനത്തിൽ പണം നല്കേണ്ടതുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ജില്ലാ മെഡിക്കൽ ഓഫീസർമാർ നാലുവർഷത്തെ കോഴ്സിന് വർഷം 1000 രൂപാവീതം 4000 രൂപ വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) കോഴ്സുകളുടെ ഭാഗമായി ഇപ്രകാരം വിസിറ്റ് നടത്തുന്നതിന് വിദ്യാർത്ഥികളിൽ നിന്ന് അമിത തുക ഈടാക്കുന്ന നടപടി അവസാനിപ്പിക്കുമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>ഏലൂർ - എടയാർ വ്യവസായ മേഖലയിലെ രാസമാലിന്യങ്ങൾ</u>

6587

ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏലൂർ - എടയാർ വ്യവസായ മേഖലയിലെ മാനേജ്മെന്റുകൾ മാരകമായ രാസമാലിന്യങ്ങൾ ശുദ്ധീകരിക്കാതെ നേരിട്ട് പെരിയാർ നദിയിലേയ്ക്ക് ഒഴുക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം ഈ മേഖലയിലെ മത്സ്യത്തൊഴിലാളികൾ തൊഴിൽ ചെയ്യാൻ നിവൃത്തിയില്ലാതെ ബുദ്ധിമുട്ടുന്ന പ്രശ്നം ചൂണ്ടിക്കാണിച്ച് ജില്ലാ കളക്ടർക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പബ്ലിക് ലയബിലിറ്റി ആക്ട് പ്രകാരം തൊഴിൽ നഷ്ടത്തിന് നഷ്ടപരിഹാരം നൽകാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകാമോ ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>ഭക്ഷ്യവസ്തുക്കളിലെ കീടനാശിനി പ്രയോഗം</u>

6588 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അയൽ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന ഭക്ഷ്യവസ്തുക്കളിലും മാരകമായ കീടനാശിനി കണ്ടെത്തിയതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ പരിശോധിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്;

(സി) ഇത് കർശനമായി നടപ്പാക്കുന്നു എന്ന് ഉറപ്പു വരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

ഭക്ഷ്യസാധനങ്ങളിലെ രാസവസ്തുക്കൾ

6589 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന ഭക്ഷ്യ സാധനങ്ങളിലും ഉണ്ടെന്നു പറയപ്പെടുന്ന രാസകീട നാശിനികളുടെയും മറ്റ് രാസ പദാർത്ഥങ്ങളുടെയും അവശിഷ്ടങ്ങൾ ഏതൊക്കെ രോഗങ്ങൾക്ക് കാരണമാകുന്നു എന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം ഇതേവരെ നടത്തിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പഠനം നടത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>ഹോട്ടലുകളിലെ കുടിവെള്ള പരിശോധന</u>

6590 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ ഹോട്ടലുകളിൽ ഉപയോഗിക്കുന്ന വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സംവിധാനങ്ങളുടെ പ്രവർത്തനം വിലയിരുത്താൻ ജനപ്രതിനിധികളെ ഉൾപ്പെടുത്തി താലൂക്ക് തലത്തിൽ കമ്മിറ്റികൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഹോട്ടലുകളിൽ ഉപയോഗിക്കുന്ന വെള്ളത്തിൽ ഇ-കോളി ബാക്ടീരിയകളുടെ സാന്നിദ്ധ്യം കണ്ടെത്തി എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഡി) ഹോട്ടലുകളിലും ബേക്കറികളിലും കൂൾബാറിലുമെല്ലാം ഉപയോഗിക്കുന്ന വെള്ളം പരിശോധിക്കാൻ ശാസ്ത്രീയ സംവിധാനം താലൂക്ക് തലത്തിൽ ഏർപ്പെടുത്തുമോ ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>സോഡാ നിര്‍മ്മാണത്തിനായി ഉപയോഗിക്കുന്ന വെള്ളം</u>

6591 ശ്രീ. എ. പ്രദീപ്കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് നഗരത്തില്‍ സോഡാ നിര്‍മ്മാണത്തിനായി ഉപയോഗിക്കുന്ന വെള്ളം ശുദ്ധീകരിക്കപ്പെട്ടതും മാലിന്യമുക്തവുമാണോ എന്ന് വകുപ്പ് പരിശോധന നടത്താറുണ്ടോ;

(ബി) ഇല്ലെങ്കില്‍ പരിശോധന നടത്തുന്നതിനാവശ്യമായ നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

മാലിന്യമുക്ത കുടിവെള്ളം

6592 ശ്രീ. എ. പ്രദീപ്കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് നഗരത്തില്‍ സ്വകാര്യ വ്യക്തികള്‍ ടാങ്കുകളിലും, ചെറിയ കണ്ടെയ്നറുകളിലുമായി ഹോട്ടലുകളിലും, മറ്റ് സ്ഥാപനങ്ങളിലും വിതരണം ചെയ്യുന്ന കുടിവെള്ളം ശുദ്ധീകരിക്കപ്പെട്ടതും, മാലിന്യമുക്തവുമാണോ എന്ന് ആരോഗ്യ വകുപ്പ് പരിശോധന നടത്താറുണ്ടോ;

(ബി) ഇല്ലെങ്കില്‍ പരിശോധന നടത്തുന്നതിനാവശ്യമായ നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>സീതാലയം പദ്ധതി</u>

6593 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോമിയോ ആശുപത്രിയോടനുബന്ധിച്ചുള്ള സീതാലയം പദ്ധതിയെപ്പറ്റി വിശദീകരിക്കാമോ;

(ബി) കേരളത്തിൽ എവിടെയെല്ലാമാണ് സീതാലയം പ്രവർത്തിക്കുന്നത്;

(സി) മലപ്പുറം മുണ്ടുപറമ്പിലുള്ള ജില്ലാ ഹോമിയോ ആശുപത്രിയോടനുബന്ധിച്ച് ഒരു സീതാലയം ആരംഭിക്കുമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

ചെറുകാവ് ഗ്രാമപഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറി

6594 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ 'ചെറുകാവ്' ഗ്രാമപഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറി എത്ര വർഷമായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു ;

(ബി) ഡിസ്പെൻസറിയ്ക്ക് കെട്ടിടം പണിയാൻ ഗ്രാമപഞ്ചായത്ത് സ്ഥലം ലഭ്യമാക്കിയിട്ടുണ്ടെന്നും, ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>കയർ സാങ്കേതികവിദ്യ</u>

6595 ശ്രീ. പാലോട് രവി
,, അൻവർ സാദത്ത്
,, പി. എ. മാധവൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ സാങ്കേതിക വിദ്യയിൽ ഗവേഷണവും വികസനവും നടത്തുന്ന കേന്ദ്രങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് കേന്ദ്രം നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

കയർ കമ്മീഷൻ

6596 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായവുമായി ബന്ധപ്പെട്ട് സർക്കാർ കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിനു സമർപ്പിച്ചിട്ടുണ്ടോ ;

(സി) എന്തെല്ലാം ശുപാർശകളാണ് റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഏതെല്ലാം ശുപാർശകളാണ് നടപ്പിലാക്കുകയെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഇത് എന്ന് നടപ്പിലാക്കുമെന്നും ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>കടക്കെണിയിലായ ചെറുകിട ഉൽപ്പാദകർ</u>

6597 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത വ്യവസായ മേഖലയായ കയർ വ്യവസായത്തിലെ ചെറുകിട ഉൽപ്പാദകർ കടക്കെണിയിൽപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ചെറുകിട ഉൽപ്പാദകരെ സംരക്ഷിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>കയർയാൺ ഉൽപന്നങ്ങൾ</u>

6598 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കയർ വ്യവസായത്തിന് പ്രതിവർഷം എത്ര ക്വിന്റൽ ചകിരി വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) എങ്കിൽ അതിൽ എത്ര ക്വിന്റൽ ചകിരി കേരളത്തിൽ ഉൽപാദിക്കുന്നുവെന്നും എത്ര ക്വിന്റൽ ചകിരി ഇറക്കുമതി ചെയ്യുന്നുവെന്നും വ്യക്തമാക്കാമോ;

(സി) സഹകരണ മേഖലയിലും സ്വകാര്യമേഖലയിലും പ്രതിവർഷം എത്ര ക്വിന്റൽ കയർയാൺ ഉൽപാദിപ്പിക്കുന്നുണ്ട്;

(ഡി) 2010 ൽ എത്ര ക്വിന്റൽ കയർയാൺ ഉൽപന്നങ്ങളാണ് കയറ്റുമതി ചെയ്തതെന്ന് വ്യക്തമാക്കാമോ; അവ ഏതെല്ലാം ഉൽപ്പന്നങ്ങൾ ആണ്; ഇവ ഓരോന്നിലും എത്ര ക്വിന്റൽ വീതം കയർയാൺ ഉപയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>തൊണ്ടു സംഭരണപദ്ധതി</u>

6599 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊണ്ടുസംഭരണം ഫലപ്രദമായി നടപ്പിലാക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(ബി) കയർ സംഘങ്ങൾക്ക് തൊണ്ടു സംഭരിക്കുവാനുളള ചുമതല നൽകുമോ;

(സി) തൊണ്ടു സംഭരണത്തിന് സബ്സിഡിയോ ഇൻസെന്റീവോ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം ഘട്ടങ്ങളിലാണ് ആയത് നൽകുവാൻ ഉദ്ദേശിച്ചിട്ടുളളത് എന്ന് പറയാമോ;

(ഇ) ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ തൊണ്ടു സംഭരണത്തെ ഉൾപ്പെടുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>കയര്‍ ഉല്പന്നങ്ങള്‍ക്ക് സബ്സിഡി</u>

6600 ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

കയര്‍ ഉല്പന്നങ്ങളുടെ വില്‍പ്പനയ്ക്ക് സബ്സിഡി നല്‍കുന്നുണ്ടോ; എങ്കില്‍ ഏതെല്ലാം ഏജന്‍സികള്‍ മുഖേനയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>കയർ മേഖലാ പരിപോഷണം</u>

6601 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിൽ കഴിഞ്ഞ സർക്കാർ നടപ്പാക്കിയ വില സ്ഥിരതാ പദ്ധതി തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ചെറുകിട കയർ ഉല്പാദകരുടെ കൈവശമുള്ള കയർ ഉല്പന്നങ്ങൾ സംഭരിക്കാൻ കയർ കോർപ്പറേഷന് നിർദ്ദേശം നൽകുമോ;

(സി) കയർ സഹകരണ സംഘങ്ങൾക്ക് ത്രിഫ്റ്റ്, ഗ്രാറ്റുവിറ്റി എന്നീ ഇനങ്ങളിൽ ഇനി എന്ത് തുക കുടിശ്ശികയുണ്ട്; ഉണ്ടെങ്കിൽ ആയത് എന്ന് കൊടുത്ത് തീർക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) കയർ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുവാൻ മുൻകാലത്തെപ്പോലെ സർക്കാർ ഉപാധിരഹിത പ്രവർത്തനമൂലധനം നൽകുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>കയർ തൊഴിലാളികളുടെ പെൻഷൻ</u>

6602 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിൽ ജോലിയെടുത്ത് രോഗികളായ 60 വയസ്സുകഴിഞ്ഞ പരമ്പരാഗത കയർ തോഴിലാളികൾക്ക് സൗജന്യ ചികിത്സ നൽകാൻ നടപടി സ്വീകരിക്കുമോ ;

(ബി) കയർതൊഴിലാളികളുടെ പെൻഷൻ തുക വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

കയർതൊഴിലാളികളുടെ പാക്കേജ്

6603 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കയറുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കയർതൊഴിലാളികളുടെ ക്ഷേമത്തിനായി പ്രത്യേക പാക്കേജ് നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>കയർ വ്യവസായം ശക്തിപ്പെടുത്താൻ നടപടി</u>

6604 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലെ സാഹചര്യത്തിൽ കയർ തൊഴിലാളികൾക്ക് പരമാവധി എത്ര തൊഴിൽ ദിനങ്ങൾ നൽകാൻ കഴിയുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കയർ സംസ്കരണ യന്ത്രങ്ങൾ വാങ്ങാൻ എന്തെല്ലാം ധനസഹായമാണ് വകുപ്പ് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കയർ വ്യവസായം ശക്തിപ്പെടുത്താൻ എന്തെല്ലാം പദ്ധതികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?